മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 41 THE ONLINE OFFICIAL NEWS BULLETIN 2025 October 09

SEASON OF THE HOLY CROSS | സ്ലീബാകാലം | ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
12 4th Sunday after the Holy Cross; 170th Mem. of Cheppad Philipose Mar Dionysius Malankara Metropolitan (St. Geroge Church, Cheppad); 45th Mem. of Yuhannoon Mar Athanasios OIC (Perunad Bethany Ashram) — 4	13 — 8	14 Comme. of St. Athanasios of Alexanria — 4	15 Comme. of St. Osyo the Ascetic — 8	16 — 4	17 — 8	18 Comme. of St. Luke the Evangelist — 4



പഴയസെമിനാരിയിലെ നവീകരിച്ച പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ സ്മാരക മാനേജിങ് കമ്മിറ്റി ഹാളിന്റെ കൂദാശ പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിലും, മെത്രാപ്പോലീത്താമാരുടെയും സഹകാർമ്മികത്വത്തിലും നിർവഹിക്കപ്പെട്ടു. സഭാ സ്ഥാനികളും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു.



ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഭരണചുമതലകളിൽ നിന്നു വിരമിച്ചു

കോട്ടയം: മലങ്കരസഭയുടെ തിരുവനന്തപുരം ഭദ്രാസന ചുമതലയിൽ നിന്നും, കാതോലിക്കേറ്റ് ആൻഡ് എം.ഡി സ്ക്കൂൾ മാനേജർ, സഭാ മിഷൻ ബോർഡ് – മിഷൻ സൊസൈറ്റി അധ്യക്ഷൻ എന്നീ പദവികളിൽ നിന്നും ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വിരമിച്ചു. വിരമിക്കുവാൻ താൽപ്പര്യമറിയിച്ച് ഇന്നലെ (08-10-2025) മെത്രാപ്പോലീത്താ സമർപ്പിച്ച കത്ത് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അംഗീകരിച്ചു.

സഭാഭരണഘടനപ്രകാരം തിരുവനന്തപുരം ഭദ്രാസനത്തിന്റെ ചുമതല മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പരിശുദ്ധ കാതോലിക്കാ ബാവാ ഏറ്റെടുത്തു. കാതോലിക്കേറ്റ് ആൻഡ് എം.ഡി സ്ക്കൂൾസ്, സഭാ മിഷൻ ബോർഡ് – മിഷൻ സൊസൈറ്റി എന്നിവയുടെ ഭരണച്ചുമതലയും പ. കാതോലിക്കാ ബാവായിൽ നിക്ഷിപ്തമാകും. തുടർ നടപടികൾ മലങ്കരസഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ചർച്ച ചെയ്ത് തീരുമാനിക്കും.

മുണ്ടക്കൈ, ചൂരൽമല പുനരധിവാസം: ഭവനനിർമാണ പദ്ധതി അടുത്ത മാസം തുടങ്ങുമെന്ന് പ. കാതോലിക്കാ ബാവാ

കോട്ടയം: മുണ്ടക്കൈ, ചുരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി മലങ്കര ഓർത്തഡോക്സ് സഭ നടപ്പാക്കുന്ന ഭവന നിർമാണ പദ്ധതി നവംബറിൽ തുടങ്ങും. കോട്ടയം പഴയ സെമിനാരിയിൽ ചേർന്ന മലങ്കര സഭാ മാനേജിങ് കമ്മിറ്റി യോഗത്തിലാണു തീരുമാനം. 50 വീടുകളാണ് മേഖലയിൽ സഭ നിർമിക്കുന്നത്. നിർമാണത്തിനായി മൂന്ന് ഏക്കറോളം കണ്ടെത്തിയതായും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മാനേജിങ് കമ്മിറ്റി യോഗത്തിൽ വ്യക്തമാക്കി. നവീകരിച്ച മാനേജിങ് കമ്മിറ്റി ഹാളിൽ ചേർന്ന ആദ്യ യോഗത്തിൽ കെ. എൽ. മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പ ധ്യാനം നയിച്ചു.

സഭയുടെ നടപ്പുവർഷത്തെ വരവുചെലവു കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും മലങ്കര അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ അവതരിപ്പിച്ചു.

മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ ഉൾപ്പെടെയുള്ളവരുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു.



പരിശുദ്ധ പരുമല തിരുമേനിയുടെ ആദ്യകാല വസതിയായ അഴിപ്പുരയുടെ നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ശുദ്ധീകരണ ശുശ്രൂഷ നിർവഹിക്കപ്പെട്ടു. പരിശുദ്ധ കാതോലിക്കാ ബാവ മുഖ്യ കാർമികത്വം വഹിച്ചു. മെത്രാപ്പോലീത്തമാരായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, നിരണം ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ ഏബ്രഹാം, പരുമല സെമിനാരി മാനേജർ ഫാ.എൽദോസ് ഏലിയാസ്, അസി. മാനേജർ ഫാ. ജെ. മാത്തുക്കുട്ടി, ഫാ. ഗീവർഗീസ് മാത്യു, പരുമല ആശുപത്രി സി.ഇ.ഒ. ഫാ. എം.സി. പൗലോസ്, പരുമല സെമിനാരി കൗൺസിൽ അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.



ഗ്ലോറിയ ന്യൂസ് കീർത്തിമുദ്ര 2025 പുരസ്ക്കാരം പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് സമ്മാനിച്ചു.



ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നും ബാച്ചിലർ ഓഫ് സോഷ്യൽ വർക്കിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വിപിൻ വർഗീസ്. കൊട്ടാരക്കര, കിഴക്കേതെരുവ് സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപ്പള്ളി അംഗമാണ്.

നവീകരിച്ച മാനേജിംഗ് കമ്മിറ്റി മന്ദിരം കൂദാശ ചെയ്തു


കോട്ടയം: പഴയ സെമിനാരിയിലെ നവീകരിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ സ്മാരക മന്ദിരം കുദാശ ചെയ്തു. പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു. സഭയിലെ മെത്രാപ്പൊലീത്തമാരും വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, മലങ്കര അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, മലങ്കര മൽപാൻ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോറെപ്പിസ്കോപ്പ, പഴയ സെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസ്, വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരും പങ്കെടുത്തു.



നവീകരിക്കപ്പെട്ട കോട്ടയം പഴയസെമിനാരിയിലെ
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ സ്മാരക മാനേജിങ് കമ്മിറ്റി ഹാൾ.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1959)



18 വെള്ളി. കർമ്മേൽ ദയറാ. രാവിലെ മേമുറി യാക്കോബ് കത്തനാർ നമ്മെ വന്നു കണ്ടു. വർത്തമാനങ്ങൾ പറഞ്ഞു. മണലിൽ യാക്കോബ് കത്തനാരും വന്നു കണ്ടു. അയാൾ എറണാകുളത്തേക്കു പോയി. പത്തു മണി കഴിഞ്ഞ് നാമും എം. എം. യാക്കോബ് കത്തനാരും കോശി കത്തനാരും സ്കറിയാ ശെമ്മാശനും കൂടെ വെട്ടിക്കൽ ദയറായിലേക്കു പോയി. ഓലിയിൽ കൊച്ചു കത്തനാരും കല്ലൂപ്പാറക്കാരൻ കല്ലറയ്ക്കൽ തോമസു കത്തനാരും ആളുകളും കൂടെ സ്വീകരിച്ചു ദയറാ പള്ളിയിലേക്കാനയിച്ചു.

ലുത്തിനിയായും കാട്ടുമങ്ങാട്ടു ഇളയ ബാവായുടെ കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തി. അതിനുശേഷം ദയറായുടെ മുകൾത്തട്ടിലും കയറി എല്ലാം കണ്ടു. അവിടുത്തെ കൈക്കാരനായ പൗലോസും മറ്റും ഉണ്ടായിരുന്നു. അവിടുത്തെ കാര്യങ്ങളെല്ലാം നാം അയാളോടു ചോദിച്ചറിഞ്ഞു. നൂറ്റിഎഴുപത്തിരണ്ടു പറ പാട്ടം കിട്ടുന്നുണ്ടെന്നും അതിൽ തൊണ്ണൂറു പറ നെല്ല് ഗവണ്മെന്റിലേക്ക് അടയ്ക്കണമെന്നും ബാക്കി നെല്ലുണ്ടെന്നും പറഞ്ഞു. ഇടവക മെത്രാനോ വികാരിക്കോ മറ്റാർക്കുമോ അവിടെ അധികാരമില്ലെന്നും ഈ സ്ഥാപനം മലങ്കര മെത്രാപ്പോലീത്തായുടെ സ്വന്തമാണെന്നും നാം അതിന്റെ കാര്യങ്ങളെല്ലാം നോക്കിക്കൊള്ളാമെന്നും പറഞ്ഞു. അവിടെ അവർ കാപ്പി ഒരുക്കിയിരുന്നു. നാം കുടിച്ചു കഴിഞ്ഞു 12 മണിയോടു കൂടെ തിരികെ കർമ്മേലിലേക്കു പോന്നു. വന്ന വഴി മുളന്തുരുത്തിപ്പള്ളിയുടെ കരോട്ടെ കുരിശിങ്കൽ ഇറങ്ങി ധൂപപ്രാർത്ഥന നടത്തിപ്പോന്നു. വഞ്ചിത്രക്കാരൻ റ്റി. എം. ജോർജ് കത്തനാർ ഇവിടെ വന്നു നമ്മെ കാണുകയും അയാൾ ഭിലായി ഇടവകയിലേക്കു പോകുവാൻ തക്കവണ്ണം തേവോദോസ്യോസ് മെത്രാച്ചൻ കല്പന കൊടുത്തിട്ടുണ്ടെന്നും ആയതിനു നാം അനുവദിക്കണമെന്നുള്ള മെത്രാച്ചന്റെ എഴുത്തു തരികയും ചെയ്തു. അയാൾ ഒരു ജോഡി കുർബ്ബാനച്ചെരിപ്പും നമുക്കു കാഴ്ച തന്നു. നാം അയാളെ അനുവദിച്ചയച്ചു. എറണാകുളത്തു നിന്നും പുരയ്ക്കലെ ചാക്കോച്ചന്റെ മകൻ അനുജൻ ഇവിടെ വന്നു നമ്മെ കാണുകയും ചേലടി വറുഗീസ് നമ്മെ കാണാൻ വരുന്നുണ്ടെന്നറിയിക്കുകയും ചെയ്തു. ആലുവാ ഗ്രീഗോറിയോസ് മെത്രാച്ചൻ ആലുവായിക്കു പോയി. അത്താനാസിയോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും അവിടെ താമസിക്കുന്നു. വൈകിട്ടത്തെ ഭക്ഷണം കഴിഞ്ഞു നാം കർമ്മേലിലേക്കു പോന്നു. പത്തനംതിട്ട നിന്നും പി. എസ്. ശമുവേൽ കത്തനാർ വന്നിട്ടുണ്ട്. അയാളാണ് ഇന്ന് പ്രസംഗിച്ചത്. നാളെ മൂന്നിന്മേൽ കുർബ്ബാനയുണ്ട്. നാം ചൊല്ലണമെന്നു ഉദ്ദേശിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

20 ഞായർ. കർമ്മേൽ ദയറാ. രാവിലെ മുളന്തുരുത്തി പള്ളിയിലെത്തി. നാമും അത്താനാസിയോസു മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും കൂടി വി. മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാന കഴിഞ്ഞ് നാം പ്രസംഗിച്ചു. അനന്തരം അവിടെ കബറടങ്ങിയിരിക്കുന്ന ബാവായുടെ കബറിങ്കൽ ധൂപപ്രാർത്ഥന കഴിഞ്ഞു മുറിയിലെത്തി വിശ്രമിച്ചു. ധാരാളം ആളുകൾ നമ്മെ വന്നു കണ്ടു. ഉച്ച കഴിഞ്ഞു അത്താനാസിയോസ് മെത്രാച്ചൻ കോട്ടയത്തിനു പോയി. നാം കർമ്മേലിലേക്കു പോന്നു. കൂറിലോസ് മെത്രാച്ചൻ മുളന്തുരുത്തിയിൽ താമസിക്കുന്നു. നാളെയാണ് പെരുന്നാളും മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മയും. മനയിടെ ബേബിയും മറ്റും നമ്മെ വന്നു കണ്ടു. കാർത്തികപ്പള്ളിൽ ചക്കുവേലിൽ കൊച്ചുണ്ണൂണ്ണി ഇവിടെ വന്നു നമ്മെ കണ്ടു. പുതുതായിട്ടു ഒരു പ്രൈമറി സ്കൂൾ തുടങ്ങുന്നതിനുള്ള അപേക്ഷയ്ക്കു ഒപ്പിട്ടു കൊടുത്തു. കോട്ടയത്തു നിന്നും മാനേജർ യാക്കോബ് കത്തനാരും സ്കറിയാ ശെമ്മാശനും കൊച്ചീമൂലയിൽ ജോർജുകുട്ടിയും അഞ്ചേരിൽ മത്തച്ചനും മറ്റും ഇവിടെ വന്നു നമ്മെ കണ്ടു. വർത്തമാനങ്ങൾ അറിഞ്ഞുകൊണ്ടു പോയി. കോലഞ്ചേരിയിൽ നിന്നും വാലേൽ ഏലിയാസു കത്തനാരും ചാക്കോപ്പിള്ളയും ട്രസ്റ്റി നെച്ചുപാടത്തു തോമ്മസും കൂടെ നമ്മെ വന്നു കണ്ടു വർത്തമാനങ്ങളറിഞ്ഞു പോയി. നാളെ നാം കോട്ടയത്തിനു പോകണമെന്ന് ആഗ്രഹിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

21 തിങ്കൾ. വി. തോമ്മാ ശ്ലീഹായുടെ ഓർമ്മദിവസമാണ്. രാവിലെ നാം മുളന്തുരുത്തി പള്ളിയിലേക്കു ചെന്നു. കൂറിലോസ് മെത്രാച്ചനും എം. എം. ജേക്കബ് കത്തനാരും പി. വി. കോശി കത്തനാരും കൂടെ വി. മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ മെത്രാച്ചൻ പ്രസംഗിച്ചു. കോട്ടയത്തു നിന്നും മല്പാൻ യോഹന്നാൻ കത്തനാരും വന്നിരുന്നു. കുർബ്ബാന കഴിഞ്ഞു യൂയാക്കീം കൂറിലോസ് മെത്രാച്ചന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. കുർബ്ബാന കഴിഞ്ഞു പാച്ചോർ നേർച്ച വിളമ്പുണ്ടായിരുന്നു. അതു കഴിഞ്ഞു നാം പ്രസംഗിച്ചു. ആശീർവാദം കൊടുത്തു. അവിടുത്തെ പട്ടക്കാർക്കു പ്രത്യേകമായി ഗുണദോഷം കൊടുത്തു. എരമങ്ങലത്തു കൊച്ചു കത്തനാർക്കു അവിടെ വീതം കൊടുക്കുന്ന കാര്യം അയാൾ അപേക്ഷിച്ചു. എന്നാൽ അയാൾ കഴിഞ്ഞ വർഷം ഡിസംബർ 15-നു (ഇരുപത്തിയഞ്ചു നോമ്പിൽ) വിവാഹം കഴിച്ചവനാണെന്നും അറിഞ്ഞു. പട്ടക്കാർക്കു ഇഷ്ടമുണ്ടെങ്കിൽ അയാൾക്കു കൂടെ വീതം കൊടുക്കാൻ നാം പറഞ്ഞു. വെട്ടിക്കൽ ദയറായിലെ ട്രസ്റ്റി പൗലോസ് അവിടുത്തെ കണക്കും നീക്കിബാക്കിയും മേമുറി ജേക്കബ് കത്തനാരെ ഏല്പിച്ചു. അയാൾ കണക്കു നമ്മെ കാണിച്ചു. പണവും കണക്കും കോട്ടയത്തു കൊണ്ടുവന്നു തന്നുകൊള്ളാമെന്നും പറഞ്ഞു. മൂന്നു മണി കഴിഞ്ഞു പള്ളിയിൽ ലുത്തിനിയായും കബറിങ്കൽ ധൂപപ്രാർത്ഥനയും കഴിഞ്ഞു നാം കർമ്മേലിലേക്കു പോന്നു. കൂറിലോസ് മെത്രാച്ചനും യാത്ര ചോദിച്ചു പോയി. നാം കർമ്മേലിൽ എത്തി ലുത്തിനിയായും കഴിഞ്ഞു കോട്ടയത്തിനു പോന്നു. 6 മണിയോടു കൂടി അരമനയിലെത്തി. സന്ധ്യാനമസ്കാരം കഴിഞ്ഞു വിശ്രമിച്ചു. വേറെ വിശേഷമൊന്നുമില്ല.

22 ചൊവ്വ. കാതോലിക്കേറ്റ് അരമന. രാവിലെ അട്ടച്ചാക്കൽ മാത്യൂസ് റമ്പാനും ചാലിൽ ഗീവറുഗീസ് കത്തനാരും അട്ടച്ചാക്കൽ സ്കൂളിലെ ഒരു വാദ്ധ്യാരും കൂടെ നമ്മെ വന്നു കാണുകയും റമ്പാച്ചൻ താമസിക്കുന്ന പുരയിടങ്ങളിലെ ആദായം എടുക്കണ്ടായെന്നു പീലക്സിനോസ് മെത്രാച്ചൻ കല്പന അയച്ചെന്നും കുരുമുളകും മറ്റും വിളഞ്ഞു പാകമായി നഷ്ടപ്പെടുന്നതിനു ഇടയാകുമെന്നും പറഞ്ഞു. കൂടാതെ മെത്രാച്ചൻ ഇപ്പോൾ മലയായിക്കു പോയിരിക്കുകയാണെന്നും അദ്ദേഹം വരുന്നതുവരെ എന്തെങ്കിലും പരിഹാരം ഉണ്ടാക്കണമെന്നും അപേക്ഷിച്ചു. പഴയസെമിനാരിയിലെ പണികൾ കാണുന്നതിനായി നാം സെമിനാരിക്കു പോയി. റമ്പാച്ചനും മറ്റും നമ്മോടുകൂടെ പോന്നു. അവിടെയെത്തി പണികളെല്ലാം കണ്ടു. മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും അവിടെയുണ്ടായിരുന്നു. റമ്പാച്ചന്റെ കാര്യങ്ങളെപ്പറ്റി നാം അവരോടും അഭിപ്രായം ചോദിച്ചു. മെത്രാച്ചൻ വരുന്നതുവരെ പഴയതുപോലെ അവിടുത്തെ ആദായം എടുക്കുന്നതിനു അനുവദിക്കണമെന്നു അവർ പറഞ്ഞു. ഉച്ചയ്ക്കു മുമ്പായി നാം തിരികെ അരമനയിലെത്തി. റമ്പാച്ചന് നാം കല്പന കൊടുത്തു. മെത്രാച്ചൻ വരുന്നതുവരെ ആദായം എടുക്കുകയും അവിടുത്തെ കണക്കുകൾ എഴുതിക്കൊള്ളണമെന്നും മറ്റും നിഷ്ക്കർഷിച്ചുകൊണ്ടാണ് കല്പന കൊടുത്തത്. അനന്തരം അവർ പോയി. സന്ധ്യ കഴിഞ്ഞു എറികാട്ടു ബേബിയും മാത്തച്ചനും മറ്റും ഇവിടെ വരികയും താഴത്തങ്ങാടി പള്ളിയുടെ പണി തീർന്നു എന്നും കല്ലിടീലിന്റെ ദിവസം നിശ്ചയിച്ചാൽ കൊള്ളാമെന്നും അറിയിച്ചു. നാളെ നാം അങ്ങോട്ടു ചെന്നു കണ്ടിട്ടു നിശ്ചയിക്കാമെന്നു പറഞ്ഞു. കണ്ടത്തിലെ മാത്യു വക്കീലിന്റെ മകൻ കൊച്ചുണ്ണൂണ്ണി (കെ. എം. ചെറിയാൻ) നമ്മെ വന്നു കാണുകയും യൽദോയുടെ സന്ധ്യാനമസ്കാരം ഏലിയാ ചാപ്പലിൽ നാം എത്തി നടത്തിയാൽ കൊള്ളാമെന്നു അറിയിക്കുകയും ചെയ്തു. നാം സമ്മതിച്ചു. വേറെ വിശേഷമൊന്നുമില്ല.

23 ബുധൻ. കാതോലിക്കേറ്റ് അരമന. രാവിലെ 10 മണി കഴിഞ്ഞു മല്പാൻ യോഹന്നാൻ കത്തനാരും നാമും കൂടെ താഴത്തങ്ങാടി പള്ളിയിലേക്കു പോയി. പള്ളിയിൽ ലുത്തിനിയാ നടത്തിയിട്ടു പള്ളിയുടെ പണി കണ്ടു. അനന്തരം നാളെ കഴിഞ്ഞു യൽദോ പെരുന്നാളിനു നാം അവിടെയെത്തി മദ്ബഹായുടെ കല്ലിടീൽ നടത്തിക്കൊടുക്കാമെന്നു പറഞ്ഞു. അനന്തരം നാം തിരിച്ചു പോന്നു. വന്നവഴി വി. ജെ. ഗബ്രിയേൽ കത്തനാരുടെ അപേക്ഷപ്രകാരം ചെറിയപള്ളിയുടെ പുത്തൻപള്ളി (ശവക്കോട്ടപ്പള്ളി) യിൽ എത്തി ലുത്തിനിയാ കഴിഞ്ഞു ശെമവൂൻ മാർ അത്താനാസിയോസിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. അനന്തരം അതിന്റെ പുതുക്കിപ്പണികൾ എല്ലാം കണ്ടു. അതിനുശേഷം നാം തിരികെ പോന്നു. തിരുവിതാംകോട്ടു നിന്നും ഗീവറുഗീസു റമ്പാച്ചൻ ഇവിടെ വന്നു നമ്മെ കണ്ടു. അദ്ദേഹം പണപ്പിരിവിനു വേണ്ടി വന്നതാണ് എന്നു പറഞ്ഞു. കുറിച്ചിയിൽ നിന്നും വേണാട്ടുകളത്തിലെ ചാക്കോച്ചൻ വന്നു കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. അട്ടച്ചാക്കൽ നിന്നും ട്രസ്റ്റി ഇവിടെ വന്നു പരുമല മെത്രാച്ചന്റെ നാമത്തിലുള്ള കുരിശിങ്കലെ വരുമാനമായ ഇരുപതു രൂപാ നമ്മെ ഏല്പിച്ചു. ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പാ ഇവിടെ വരികയും തിരുവല്ലാ ബഥനി അരമനയുടെ റിപ്യാറിംഗിന്റെ ചെലവിന് നാം അയാളെ ഏല്പിച്ചിരുന്ന 200 രൂപായ്ക്കു പുറമെ കണക്കു തീർത്ത് 275 രൂപാ കൂടെ കൊടുത്തു. വേറെ വിശേഷമൊന്നുമില്ല.

24 വ്യാഴം. കാതോലിക്കേറ്റ് ആരമന. രാവിലെ മാനേജർ യാക്കോബ് കത്തനാരും ഉപ്പൂട്ടിൽ കുഞ്ഞച്ചനും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും പൗലോസ് മാർ പീലക്സിനോസ് മെത്രാച്ചൻ നാളെ നമ്മെ വന്നു കാണുവാൻ ആഗ്രഹിക്കുന്നുണ്ടെന്നും മറ്റുമുള്ള കാര്യങ്ങൾ പറയുകയും ചെയ്തു. കുമരകം പള്ളിവികാരി കോശി കത്തനാരും ഇവിടെ വന്നു നമ്മെ കാണുകയുണ്ടായി. പുത്തനങ്ങാടിയിൽ ചക്കാലപ്പറമ്പിലെ യോഹന്നാൻ കത്തനാരുടെ (ബഥനി) അനുജൻ നമ്മെ വന്നു കാണുകയും അവന്റെ സഹോദരിയുടെ കല്യാണം അടുത്ത ഞായറാഴ്ച ചെറിയ പള്ളിയിൽ വച്ചു നടത്തുകയാണെന്നും മാളിയേക്കൽ കുട്ടിയപ്പന്റെ അനുജന്റെ കല്യാണം നാം അവിടെ വച്ചു നടത്തുന്നു എന്നറിഞ്ഞു നമ്മോടു ആ വിവരം കൂടെ അറിയിക്കാൻ വന്നതാണെന്നും പറഞ്ഞു. അവർ ഒരു കുപ്പി വീഞ്ഞും നമുക്ക് കാഴ്ച തന്നു. 5 മണി കഴിഞ്ഞ് നാം ഏലിയാ ചാപ്പലിലേക്കു പോയി. മല്പാൻ യോഹന്നാൻ കത്തനാരും നമ്മോടു കൂടെ പോന്നു. നാളെ യൽദോയാണ്. 6 മണിക്കു സന്ധ്യാനമസ്കാരം ഏലിയാ ചാപ്പലിൽ നടത്തി. നമുക്ക് 50 രൂപ കൈമുത്ത് തന്നു. അത്താനാസിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. സന്ധ്യാ നമസ്കാരം കഴിഞ്ഞ് നാം താഴത്തങ്ങാടിക്കു പോയി. പള്ളിയിലെത്തി താൽക്കാലിക കൂദാശ നടത്തി. അതിനുശേഷം അവിടെ മുറിയിൽ വിശ്രമിച്ചു. യൽദോ ശുശ്രൂഷ അവിടെയാണ്. കൂടാതെ ആ പള്ളിയുടെ ത്രോണോസിന്റെ കല്ലിടീൽ നടത്തി. 6 മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു. കർത്താവിന്റെ ജനനത്തെക്കുറിച്ചും പുതിയ പള്ളിയെക്കുറിച്ചും അതിനോടു പെരുമാറുന്നതിനെപ്പറ്റിയും നാം വേണ്ട ഗുണദോഷം കൊടുത്തു. അനന്തരം കാപ്പി കഴിഞ്ഞു വിശ്രമിച്ചു. അവിടുത്തെ വികാരി കെ. എം. അലക്സാണ്ടർ കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും മറ്റും ഉണ്ടായിരുന്നു. നമുക്ക് 75 രൂപ കൈമുത്ത് തന്നു. 8 മണിയോടു കൂടി നാം പഴയ സെമിനാരിയിലേക്കു പോയി. പോയ വഴി കോട്ടയം ചെറിയപള്ളിയിലെത്തി അവിടുത്തെ പണികളെല്ലാം കണ്ടു. അനന്തരം പഴയസെമിനാരിയിലെത്തി വിശ്രമിച്ചു. ഉച്ചഭക്ഷണം കഴിഞ്ഞു 3 മണിയോടു കൂടി ദേവലോകം അരമനയിലേക്കു മടങ്ങിപ്പോന്നു. മൂന്നു മണി കഴിഞ്ഞു പൗലോസ് മാർ പീലക്സിനോസ് മെത്രാച്ചനും തുകലൻ റ്റി. കെ. അബ്രഹാമും തുകലൻ റ്റി. പി. പൗലോസു വക്കീലും മറ്റും ഇവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങളെല്ലാം പറഞ്ഞു. ഇത്രയും നാൾ നമ്മോടു അകന്നു നിന്നതിൽ ഒരു സമാധാനവും ഇല്ലായിരുന്നെന്നും നമ്മെ കണ്ടശേഷമാണ് ആശ്വാസമുണ്ടായതെന്നും തെറ്റുകൾ എല്ലാം ക്ഷമിക്കണമെന്നും ഇനിയും നമ്മുടെ ആജ്ഞപ്രകാരം എല്ലാം നടന്നുകൊള്ളാമെന്നും മെത്രാൻ നമ്മോടു പറഞ്ഞു. ഇവിടെ വന്നു രണ്ടു മൂന്നു ദിവസം താമസിക്കണമെന്നു നാം പറഞ്ഞു. അങ്ങനെ ആകാം എന്നു സമ്മതിച്ചു. കാപ്പി കഴിഞ്ഞു അവർ പോയി. മാനേജർ യാക്കോബ് കത്തനാരും ഉപ്പൂട്ടിൽ കുഞ്ഞച്ചനും വന്നിട്ടുണ്ടായിരുന്നു. വേറെ വിശേഷമൊന്നുമില്ല. നാളെ ദൈവമാതാവിന്റെ പുകഴ്ച പെരുന്നാളാണ്.

26 ശനി. കാതോലിക്കേറ്റ് അരമന. ദൈവമാതാവിന്റെ പുകഴ്ച പെരുന്നാളാണ്. മല്പാൻ യോഹന്നാൻ കത്തനാർ ചാപ്പലിൽ വി. കുർബ്ബാന ചൊല്ലി. കൊച്ചിയിൽ നിന്നും കളത്ര യാക്കോബ് കത്തനാരും തേവലക്കര കോശി വൈദ്യനും കൂടെ നമ്മെ വന്നു കാണുകയും തൊഴുപ്പാടൻ കത്തനാർ നമുക്കും സേവേറിയോസ് മെത്രാച്ചനും injunction കൊടുക്കാൻ അപേക്ഷ കൊടുത്തിട്ടുണ്ടെന്നും മറ്റുമുള്ള വിവരങ്ങൾ പറഞ്ഞു. എന്നാൽ പുത്തൻകാവ് അസോസിയേഷനിൽ ആ കത്തനാർ പ്രതിനിധികളെ കൊണ്ടുവന്നതും അവിടെത്തന്ന അധികാരപത്രവും മറ്റും പകർത്തി അന്വേഷണത്തിനു സമർപ്പിക്കാനായി അവർ കൊണ്ടുപോയിട്ടുണ്ട്. മാവേലിക്കര നിന്നും വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാരും മകൻ ക്ലേറിയും ഇവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. കൂറിലോസ് മെത്രാച്ചൻ നമ്മെ കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. കായംകുളം പള്ളിയിലെ കേസ് നമുക്ക് ദോഷമായിട്ടു ജില്ലാക്കോടതിയിൽ വിധിച്ചതുകൊണ്ട് നാളെ പന്തളത്തു കത്തനാരുടെ തവണയ്ക്കു മെത്രാച്ചൻ കയറാൻ ചാച്ചനും മറ്റും ഉത്സാഹിക്കുന്നുണ്ടെന്നും അതുകൊണ്ട് ഉടനെ അങ്ങോട്ടു പോകയാണെന്നും അദ്ദേഹം പറഞ്ഞു. കോലഞ്ചേരിയിൽ നിന്നും വാലേൽ ഏലിയാസ് കത്തനാരും ട്രസ്റ്റിയും ചാക്കോപ്പിള്ളയും അയാളുടെ മരുമകനും മറ്റും ഇവിടെ വന്നു നമ്മെ കണ്ടു. നമുക്ക് ഒരു അരമന പണിയുന്നതിനു ഉദ്ദേശിക്കുന്നതുകൊണ്ട് ചാക്കോപ്പിള്ളയുടെ മരുമകൻ എൻജിനീയറാണ്, അവൻ സ്ഥലവും മറ്റും നോക്കി പ്ലാൻ വരച്ചുകൊണ്ടു വരാമെന്നു പറഞ്ഞു. തൊടുപുഴ നിന്നും വികാരിയും ഇടവകക്കാരിൽ രണ്ടു മൂന്നു പേരും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും നാം അവരുടെ പള്ളിയിലേക്കു ചെല്ലണമെന്നപേക്ഷിക്കുകയും ചെയ്തു. നമുക്ക് സുഖമില്ലാത്തതുകൊണ്ടു നിവൃത്തിയില്ലെന്നു പറഞ്ഞയച്ചു. കണ്ടനാട്ടു നിന്നും മട്ടുമ്മേൽ കത്തനാരും ഐസക്ക് മത്തായിയും മറ്റും ഇവിടെ വന്നു നമ്മെ കാണുകയും നാളെയാണ് പൊതുയോഗം കൂടുവാൻ ഉദ്ദേശിക്കുന്നതെന്നും എന്നാൽ അവിടെ ഒരു സമാധാന ആലോചന ഉണ്ടാകാൻ ഇടയുണ്ടെന്നും അങ്ങനെ റ്റി. കെ. ഏബ്രഹാമും മറ്റും ഇന്നലെ വന്നു അത്താനാസിയോസു മെത്രാച്ചനോടു പറഞ്ഞതനുസരിച്ചു അദ്ദേഹം അവർക്കു ആളയച്ചു വരുത്തിയതാണെന്നും മറ്റും പറഞ്ഞു. കൂടാതെ കണ്ടനാട്ടു പള്ളി നാമോ തീമോത്തിയോസ് മെത്രാച്ചനോ മാത്രം ഭരിച്ചാൽ മതിയെന്നും അറിയിച്ചു. അനന്തരം അവർ പോയി. മാവേലിക്കര നിന്നും കെ. ഒ. മാത്യു വക്കീൽ നമ്മെ വന്നു കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. അയാളുടെ ജ്യേഷ്ഠന്റെ മകന്റെ വിവാഹം പെട്ടെന്നു നിശ്ചയിച്ചെന്നും ആയതു നാളെ കഴിഞ്ഞു തിങ്കളാഴ്ച പരുമല വച്ചു നടത്തിക്കൊടുക്കണമെന്ന് അപേക്ഷിക്കയും നാം സമ്മതിക്കുകയും ചെയ്തു. മാളിയേക്കൽ കുട്ടിയപ്പൻ നമുക്ക് ഒരു നല്ല കട്ടിൽ (സ്പ്രിംഗ് മെത്തയുള്ളത്) കൊണ്ടുവന്നു തന്നു. വേറെ വിശേഷമൊന്നുമില്ല.

27 ഞായർ. കാതോലിക്കേറ്റ് അരമന, പരുമല. കാലത്ത് മല്പാനച്ചൻ വി. കുർബ്ബാന ചൊല്ലി. പത്തര മണിക്ക് മാളിയേക്കലെ കുട്ടിയപ്പന്റെ അനുജന്റെ കല്യാണം നടത്തുന്നതിന് ചെറിയപള്ളിയിലേക്കു പോയി. 11 മണിക്ക് വിവാഹ ശുശ്രൂഷ ആരംഭിച്ചു. 12 കഴിഞ്ഞ് ശുശ്രൂഷ അവസാനിച്ച് നാം ഇവിടേക്ക് പോന്നു. മൂലേടത്തെ ഏബ്രഹാം കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും പഴയസെമിനാരി മാനേജർ കത്തനാരും നിരണത്ത് മുട്ടുശ്ശേരിൽ അച്ചനും എരുത്തിക്കൽ കത്തനാരും മറ്റും ശുശ്രൂഷയിൽ സംബന്ധിച്ചു. നാലു മണിയോടു കൂടി പരുമലയ്ക്കു തിരിച്ചു. അഞ്ചരയ്ക്ക് പരുമല എത്തി. രാത്രി താമസിച്ചു.

28. തിങ്കൾ. പരുമല. കാലത്ത് മാനേജരച്ചൻ വി. കുർബ്ബാന ചൊല്ലി. 11 മണിക്ക് വള്ളക്കാലിൽ മാത്യു വക്കീലിന്റെ ജ്യേഷ്ഠൻ (പരേതനായ) ഡോക്ടറുടെ മകന്റെ വിവാഹം നടത്തി. പെണ്ണ് ചാത്തന്നൂർ മുതലാളിയുടെ മകളുടെ മകളാകയാൽ ചാത്തന്നൂർ നിന്നും പലരും വന്നിരുന്നു.

വൈകിട്ട് മാനേജരു കത്തനാരും മത്തായി കത്തനാരും കൂടി പെരുന്നാളിനു ശേഷമുള്ള പരുമല സിമ്മനാരിയിലെ കണക്കുകൾ വായിച്ചു നമ്മെ ബോധ്യപ്പെടുത്തി. കളത്ര കത്തനാർ കൊച്ചിയിൽ നിന്നും രാത്രി വന്നു.

29 പരുമല, കോട്ടയം. കാലത്ത് 8 മണിക്ക് കോട്ടയത്തിനു തിരിച്ചു. ഒമ്പതരയ്ക്ക് എം.ഡി. സെമിനാരിയിൽ എത്തി അത്താനാസ്യോസ് മെത്രാച്ചനെ കണ്ട് ഇന്നു കൂടുന്ന പത്തനംതിട്ട കോളജ് ഗവേണിംഗ് ബോഡി മീറ്റിംഗിന്റെ സമയവും മറ്റും അറിഞ്ഞിട്ടു അരമനയിലേക്കു പോന്നു. 11 മണിക്ക് വീണ്ടും എം.ഡി.യിൽ എത്തി കോളജ് ഗവേണിംഗ് ബോഡി മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു. ഉച്ചകഴിഞ്ഞ് ബാക്കി സംഗതികൾ ആലോചിക്കുന്നതിന് മീറ്റിംഗിൽ അദ്ധ്യക്ഷം വഹിക്കുന്നതിന് അത്താനാസ്യോസ് മെത്രാച്ചനെ ചുമതലപ്പെടുത്തിയിട്ട് നാം അരമനയിൽ വന്നു വിശ്രമിച്ചു.

കോളജിൽ ഗവൺമെന്റ് നിർദ്ദേശപ്രകാരം ഒരു കെട്ടിടം കൂടി പണിയണമെന്നും അതിനായി യൂണിവേഴ്സിറ്റിയിൽ നിന്നും 16000 രൂപാ ഗ്രാന്റായി കിട്ടുമെന്നും ബാക്കി പണം ഏതെങ്കിലും ബാങ്കിൽ നിന്നും ഓവർഡ്രാഫ്റ്റ് ആയി എടുത്ത് പണി പൂർത്തിയാക്കണമെന്നും, ഓഡിറ്റോറിയം പണിയും ഗവണ്മെന്റിൽ നിന്നും ലഭിക്കുന്ന പണത്തിൽ കൂടുതൽ വരുന്നതു കടമെടുത്തോ സംഭാവന സ്വീകരിച്ചോ എത്രയുംവേഗം പൂർത്തിയാക്കണമെന്നും തീരുമാനിച്ചു. കോളജ് പ്രിൻസിപ്പലിനെ കൂടാതെ ഭൂരിഭാഗം മെമ്പറന്മാരും മീറ്റിംഗിൽ ഹാജരുണ്ടായിരുന്നു.

30 ഡിസംബർ. അരമന. പത്തു മണിയോടു കൂടി കൊച്ചിൻ നേവൽ കമാണ്ടർ കാവൻ മാർക്ക് ഇവിടെ വന്ന് നമ്മെ സന്ദർശിച്ചു. മാർ ഈവാനിയോസ് മെത്രാച്ചനും ഇവിടെ ഉണ്ടായിരുന്നു. കാപ്പി കഴിഞ്ഞ് ഒരു ഫോട്ടോയും എടുത്തിട്ട് അവർ കൊച്ചിക്കു പോയി.

ഉച്ചകഴിഞ്ഞ് മാനേജിംഗ് കമ്മിറ്റിയുടെ വർക്കിംഗ് കമ്മിറ്റിയെപ്പറ്റിയും മറ്റും ആലോചിക്കുന്നതിന് ഒരു മീറ്റിംഗ് കൂടി. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും മണലിൽ കത്തനാർ, മാനേജരു കത്തനാർ, ചെറിയാൻ വക്കീൽ, ഉപ്പൂട്ടിൽ കുഞ്ഞച്ചൻ, എം. ഏബ്രഹാം എന്നിവരും യോഗത്തിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞു മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും ചെറിയാൻ വക്കീലും എറികാട്ടു ബേബിയും ഉപ്പൂട്ടിൽ കുഞ്ഞച്ചനും മറ്റും വരികയും മാനേജിംഗ് കമ്മിറ്റിയിലേക്കു നാം നോമിനേറ്റു ചെയ്യേണ്ടവരുടെ പേരുകൾ ആലോചിച്ചു പറയുകയും ചെയ്തു. 18 പേരെയാണു നാം നോമിനേറ്റു ചെയ്യേണ്ടത്. 18 പേരുടെ പേരുകൾ അവർ നമ്മോടുകൂടെ ആലോചിച്ചു പറഞ്ഞു.

കൂറിലോസ് മെത്രാച്ചൻ കുണ്ടറ നിന്നും ഒരു കുപ്പി മൂറോൻ കൊണ്ടുവന്നു. മീറ്റിംഗ് കഴിഞ്ഞ് മെത്രാച്ചൻ തിരിച്ചുപോയി.

നമ്മുടെ അനുജന്റെ മകൻ സ്ലീബായുടെ ഭാര്യയ്ക്കു സുഖമില്ലാതിരിക്കയാണെന്നും നാം ഒന്നു ചെന്ന് പ്രാർത്ഥിക്കണമെന്നും സ്ലീബാ ഇവിടെ വന്ന് ആവശ്യപ്പെട്ടതനുസരിച്ച് 5 മണിയോടു കൂടി അവന്റെ വീട്ടിൽ പോയി പ്രാർത്ഥിച്ച് രോഗിയെ തൈലം പൂശി.

പറമ്പിൽ സ്കറിയാ കത്തനാർ വന്നിരുന്നു. തഴക്കര സെമിനാരി ചാപ്പലിന്റെ പണി മിക്കവാറും തീർന്നെന്നും കുംഭം രണ്ടാം തീയതി കൂദാശ ചെയ്യണമെന്ന് അവർക്ക് ആഗ്രഹമുണ്ടെന്നും നാം ഒന്നു ചെന്ന് കൂദാശ നടത്തണമെന്നും അറിയിച്ചു. സുഖമുള്ളപക്ഷം അവിടെ അന്ന് എത്താമെന്നു പറഞ്ഞയച്ചു.

വൈകിട്ട് ഗബ്രിയേൽ കത്തനാരും മാനേജരു കത്തനാരും, എറികാട്ടെ ബേബിയും മാത്തുച്ചനും മറ്റും വന്നിരുന്നു. താഴത്തങ്ങാടി പള്ളി കൂദാശയുടെ പരിപാടികളെപ്പറ്റി പറഞ്ഞു.

31. കാതോലിക്കേറ്റ് അരമന. വൈകിട്ട് 5 മണിക്ക് താഴത്തങ്ങാടി പള്ളി കൂദാശ പ്രമാണിച്ച് അവരുടെ ആഗ്രഹപ്രകാരം ചെറിയപള്ളിയിൽ എത്തി. അവിടെ നിന്നും അനേകം കാറുകളുടെ അകമ്പടിയോടു കൂടി താഴത്തങ്ങാടി പള്ളിയിലേക്ക് എതിരേല്പുണ്ടായിരുന്നു. നാമും, (ഔഗേൻ) മാർ തീമോത്തിയോസ്, ആലുവാ (ഗീവർഗീസ്) മാർ ഗ്രീഗോറിയോസ്, (പത്രോസ്) മാർ ഒസ്താത്തിയോസ്, ഈവാനിയോസ്, അത്താനാസ്യോസ് എന്നീ മെത്രാച്ചന്മാരും ഇതിൽ സംബന്ധിച്ചു. പള്ളിയിൽ എത്തി ലുത്തിനിയാ കഴിഞ്ഞ് വിശ്രമിച്ച ശേഷം സന്ധ്യാനമസ്കാരവും പള്ളികൂദാശയുടെ പ്രഥമ ഭാഗവും നടത്തി. വലിയ ജനക്കൂട്ടം ഇതിൽ സംബന്ധിച്ചു. ഒന്നര ലക്ഷം രൂപാ ചെലവാക്കി ബേബിയുടെ അത്യുത്സാഹം കൊണ്ട് പണി കഴിപ്പിച്ചിട്ടുള്ള ഈ പള്ളി വളരെ മനോഹരവും വലിപ്പമുള്ളതുമാണ്. ഇത്രയും വലുതും മനോഹരവുമായ പള്ളി നമുക്ക് വേറെ ഉണ്ടെന്നു തോന്നുന്നില്ല. എട്ടു മണിയോടു കൂടി താഴത്തങ്ങാടിയിൽ നിന്നും അരമനയിലേക്കു പോന്നു. മാർ ഗ്രീഗോറിയോസ് മെത്രാച്ചന് കാലിൽ ചൊറിഞ്ഞു പൊട്ടി സുഖമില്ലാതിരുന്നതുകൊണ്ട് അദ്ദേഹം സന്ധ്യയോടുകൂടി ആലുവായിക്കു പോയി.

(തുടരും)



കൊല്ലം ആദിച്ചനെല്ലൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിക്ക് നേരെ വിഘടിത വിഭാഗം നടത്തിയ അക്രമത്തിൽ പ്രതിഷേധിച്ച് സെന്റ് ബഹനാൻസ് ഓർത്തഡോക്സ് പള്ളിയിൽ പ്രതിഷേധയോഗം ചേർന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് യോഗം ഉദ്ഘാടനം ചെയ്തു.

ഫാ. തോമസ് വർഗ്ഗീസ് അന്തരിച്ചു



മദ്രാസ് ഭദ്രാസനത്തിലെ വൈദികനായിരുന്ന തിരുവല്ല പൈനുമൂട്ടിൽ ഫാ. തോമസ് വർഗ്ഗീസ് (സുബിൻ അച്ചൻ) അന്തരിച്ചു. തിരുവല്ല പാലിയേക്കര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ആണ് മാതൃഇടവക. കോയമ്പത്തൂർ ഹോളി ഇന്നസെന്റ്സ് ചാപ്പൽ വികാരിയായിരുന്നു.

സംസ്കാരശുശ്രൂഷ 2025 ഒക്ടോബർ 10 വെള്ളി 12 മണിക്ക് ഭവനത്തിൽ ശുശ്രൂഷയ്ക്ക് ശേഷം ഉച്ചക്ക് രണ്ടു മണിക്ക് പാലിയേക്കര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ലാമെക്കിന്റെ ഭാര്യമാരായ ആദയും സില്ലയും

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ഉല്പത്തി പുസ്തകം ബൈബിളിന്റെ അടിസ്ഥാനമാണ്. ലോകത്തിന്റെ സൃഷ്ടിയെ മാത്രമല്ല, മനുഷ്യചരിത്രത്തിന്റെയും കുടുംബജീവിതത്തിന്റെയും സമൂഹത്തിന്റെയും ആരംഭത്തെയും ഇത് രേഖപ്പെടുത്തുന്നു. അതിന്റെ ആദ്യ അധ്യായങ്ങളിൽ, ആദാമിന്റെയും ഹവ്വായുടെയും പിൻഗാമികളെ നാം കണ്ടുമുട്ടുന്നു. കയീൻ ഹാബെലിനെ കൊന്നതിനുശേഷം, അവന്റെ വംശാവലി ശേത്തിന്റെ വംശാവലിയിൽ നിന്ന് വേറിട്ട് വികസിക്കുന്നു, ഉല്പത്തി നാലാം അധ്യായം ആ വംശാവലിയെക്കുറിച്ചുള്ള ഉൾക്കാഴ്ച നമുക്ക് നൽകുന്നു. കയീന്റെ പിൻഗാമികളിൽ, ലാമെക്ക് വേറിട്ടുനിൽക്കുന്നു. ആദ, സില്ല എന്നീ രണ്ട് ഭാര്യമാരെ വിവാഹം കഴിച്ചതായി തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യ മനുഷ്യനായി അദ്ദേഹം ഓർമ്മിക്കപ്പെടുന്നു (ഉല്പത്തി 4:19).



ആദയെയും സില്ലയെയും കുറിച്ചുള്ള ബൈബിൾ വിവരണം വളരെ ഹ്രസ്വമാണെങ്കിലും, അവരുടെ ജീവിതം ഏറെ പ്രാധാന്യമർഹിക്കുന്നു. അവരുടെ പേരുകൾ, കുട്ടികൾ, ലാമെക്കിന്റെ വീട്ടിലെ അവരുടെ സ്ഥാനം എന്നിവ അവരുടെ സ്വഭാവസവിശേഷതകളെക്കുറിച്ചുള്ള പ്രധാന സൂചനകൾ നൽകുന്നു. ആളുകൾ ഒരുമിച്ച് ജീവിക്കുന്ന രീതിയിൽ ഒരു പ്രധാന മാറ്റം കാണിക്കുന്നു. മനുഷ്യബന്ധങ്ങൾ മാറാൻ തുടങ്ങി, പുതിയ ആശയങ്ങളും ആചാരങ്ങളും ഉൾക്കൊണ്ട് സംസ്കാരം വളരാൻ തുടങ്ങി, എന്നാൽ അതേ സമയം, ആളുകൾ കൂടുതൽ സ്വാർത്ഥരും പാപികളുമായിത്തീർന്നു. അതിനാൽ, ഇത് സമൂഹത്തിലെ പുരോഗതിയെയും മനുഷ്യ സ്വഭാവത്തിലെ അഴിമതിയുടെ ഉയർച്ചയെയും അടയാളപ്പെടുത്തുന്നു. അവരുടെ ജീവിതം പരിശോധിക്കുന്നതിലൂടെ, അവർ ആരായിരുന്നുവെന്ന് മാത്രമല്ല, വിവാഹം, കുടുംബം, ബൈബിൾ ചരിത്രത്തിലെ സ്ത്രീകളുടെ പങ്ക് എന്നിവയെക്കുറിച്ചുള്ള വിശാലമായ പാഠങ്ങളും നമുക്ക് മനസ്സിലാക്കാൻ കഴിയും.

1. ലാമെക്കിന്റെ ഭാര്യമാരായി ആദയും സില്ലയും

ഉല്പത്തി 4:19 പറയുന്നു, “ലാമെക്ക് രണ്ട് ഭാര്യമാരെ എടുത്തു. ഒരുത്തിക്ക് ആദാ എന്നും മറ്റവൾക്കു സില്ലാ എന്നും പേർ.” ബൈബിളിലെ ബഹുഭാര്യത്വത്തെക്കുറിച്ചുള്ള ആദ്യ രേഖയാണിത്. ഇതുവരെ, വിവാഹം ഉല്പത്തി 2:24-ൽ വിവാഹത്തിനായുള്ള ദൈവത്തിന്റെ ആദ്യത്തേതും യഥാർത്ഥവുമായ പദ്ധതി നമുക്ക് കാണിച്ചുതരുന്നു. ഒരു പുരുഷൻ തന്റെ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരണം, അപ്പോൾ ഇരുവരും ഒന്നായിത്തീരും എന്നാണ്. ഇവിടെ പ്രധാന പദം ‘ഭാര്യ‘ എന്നതാണ് ഏകവചന രൂപത്തിൽ. ഇതിനർത്ഥം ദൈവം വിവാഹം രൂപകൽപ്പന ചെയ്തത് ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ളതായിരിക്കാനാണ് – നിരവധി ഭാര്യമാരുള്ള ഒരു പുരുഷനോ നിരവധി ഭർത്താക്കന്മാരുള്ള ഒരു സ്ത്രീയോ അല്ല. “അതുകൊണ്ടു പുരുഷൻ തന്റെ അപ്പനേയും അമ്മയെയും വിട്ടു പിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും, അവർ ഏക ദേഹമായിത്തീരും.” ‘ഭാര്യ’ എന്ന ഏകവചനം ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള വിവാഹം എന്ന ദൈവത്തിന്റെ ഉദ്ദേശ്യത്തെ കാണിക്കുന്നു. ലളിതമായി പറഞ്ഞാൽ, വിവാഹം എന്നത് രണ്ട് ആളുകൾ ഒന്നായി ഒന്നിച്ചുചേരുന്ന, സ്നേഹത്തിലും ഐക്യത്തിലും പ്രതിബദ്ധതയിലും ജീവിതം പങ്കിടുന്ന ഒരു പ്രത്യേക, വിശ്വസ്ത ബന്ധമായിരിക്കാനാണ് ഉദ്ദേശിച്ചത്.

രണ്ട് ഭാര്യമാരെ സ്വീകരിച്ചതിലൂടെ, ലാമെക്ക് ദൈവത്തിന്റെ പദ്ധതിയിൽ നിന്ന് വ്യതിചലിച്ചു. അതിനാൽ, ബഹുഭാര്യത്വ വിവാഹത്തിൽ ജീവിച്ച ആദ്യ സ്ത്രീകളായി ആദയും സില്ലയും ഓർമ്മിക്കപ്പെടുന്നു. ഇത് എളുപ്പമുള്ള ഒരു സാഹചര്യമായിരിക്കില്ലായിരുന്നു. ബഹുഭാര്യത്വത്തിൽ നിന്ന് ഉടലെടുത്ത പ്രശ്നങ്ങൾ ബൈബിൾ പിന്നീട് കാണിക്കുന്നു: സാറായും ഹാഗറും (ഉല്പത്തി 16), റാഹേലും ലേയയും (ഉല്പത്തി 29–30), ശലോമോന്റെ നിരവധി ഭാര്യമാർ (1 രാജാക്കന്മാർ 11:3) എന്നിവരെല്ലാം മത്സരവും അസൂയയും സംഘർഷവും അനുഭവിച്ചു. ബൈബിൾ ചിലപ്പോഴൊക്കെ ബഹുഭാര്യത്വത്തെ വിവരിക്കുന്നുണ്ടെങ്കിലും, അത് ഒരിക്കലും ദൈവത്തിന്റെ ആദർശമായി അവതരിപ്പിക്കുന്നില്ല. മത്തായി 19:4–6-ൽ ‘അതുകൊണ്ട് ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്തരുത്‘ എന്ന് പറഞ്ഞപ്പോൾ യേശു യഥാർത്ഥ രൂപകൽപ്പന വീണ്ടും സ്ഥിരീകരിച്ചു.

അതിനാൽ, ആദയും സില്ലയും വീഴ്ചയ്ക്കുശേഷമുള്ള മനുഷ്യബന്ധങ്ങളുടെ തകർച്ചയെ പ്രതിഫലിപ്പിക്കുന്നു. ദൈവത്തിന്റെ പദ്ധതിക്ക് വിരുദ്ധമായ ഒരു കുടുംബവ്യവസ്ഥയിലേക്ക് അവർ ആകർഷിക്കപ്പെട്ടു. മനുഷ്യ സമൂഹത്തിൽ പാപം കൂടുതൽ ആഴത്തിൽ പടർന്നുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് അവർ ജീവിച്ചിരുന്നതെന്ന് ഈ സ്വഭാവം കാണിക്കുന്നു.

2. പേരുകളുടെ അർത്ഥം

ബൈബിളിലെ പല പേരുകൾക്കും പ്രതീകാത്മകമോ പ്രത്യേകമോ ആയ അർത്ഥമുണ്ട്, ആദയുടെയും സില്ലയുടെയും പേരുകൾ ഇതിന് നല്ല ഉദാഹരണങ്ങളാണ്.

ആദ എന്നാൽ 'ആഭരണം' എന്നാണ് അർത്ഥമാക്കുന്നത്. ഇത് സൗന്ദര്യത്തെയും ആകർഷണീയതയെയും സൂചിപ്പിക്കുന്നു. അവളുടെ പേര് മറ്റുള്ളവർ അവളെ എങ്ങനെ വിലമതിച്ചിരുന്നുവെന്ന് പ്രതിഫലിപ്പിച്ചേക്കാം, ഒരു പക്ഷേ അവളുടെ ബാഹ്യരൂപം കൊണ്ടാണ്. ബൈബിൾ സംസ്കാരത്തിൽ, സൗന്ദര്യം പലപ്പോഴും ശ്രദ്ധിക്കപ്പെടുകയും ഊന്നിപ്പറയുകയും ചെയ്തിരുന്നു, സാറാ (ഉല്പത്തി 12:11), റാഹേൽ (ഉല്പത്തി 29:17), എസ്ഥേർ (എസ്ഥേർ 2:7) എന്നിവരേക്കുറിച്ച് കാണുന്നത് പോലെ. ആദയുടെ പേര് അവൾ ബാഹ്യ സൗന്ദര്യത്തെയും സാമൂഹിക ബഹുമാനത്തെയും പ്രതിനിധീകരിക്കുന്നുവെന്ന് സൂചിപ്പിക്കാം.

സില്ല എന്നാൽ 'തണൽ' അല്ലെങ്കിൽ 'സംരക്ഷണം' എന്നാണ്. ചില പണ്ഡിതന്മാർ ഇതിനെ 'രാഗം' അല്ലെങ്കിൽ 'ശബ്ദം' എന്നിവയുമായി ബന്ധിപ്പിക്കുന്നു, ഒരുപക്ഷേ എബ്രായ പേരുകളിലെ സാമ്യം കാരണം. ബൈബിളിൽ പലപ്പോഴും തണൽ എന്നത് ആശ്വാസത്തെ പ്രതിനിധീകരിക്കുന്നു, സങ്കീർത്തനം 121:5-ൽ കാണുന്നതുപോലെ: "യഹോവ നിന്റെ കാവൽക്കാരനാകുന്നു; കർത്താവ് നിന്റെ വലതുഭാഗത്ത് നിഴലാകുന്നു." സില്ലയുടെ പേരിന് ഈ അർത്ഥമുണ്ടെങ്കിൽ, അത് അവൾ ആശ്വാസം, ശാന്തത, അല്ലെങ്കിൽ സംഗീതവുമായി പോലും ബന്ധപ്പെട്ടിരുന്നുവെന്ന് സൂചിപ്പിക്കുന്നു.

അവരുടെ പേരുകളുടെ അർത്ഥങ്ങൾ പരസ്പരം പൂരകമാണ്. ആദയുടെ സൗന്ദര്യവും സില്ലയുടെ തണലും സ്ത്രീകളുടെ രണ്ട് വ്യത്യസ്തവും എന്നാൽ വിലപ്പെട്ടതുമായ സവിശേഷതകളിലേക്ക് വിരൽ ചൂണ്ടുന്നു: ബാഹ്യ ആകർഷണീയതയും ആന്തരിക സമാധാനവും. അവരുടെ സമൂഹത്തിൽ അവർ എങ്ങനെ കാണപ്പെട്ടിരിക്കാമെന്നതിന്റെ ഒരു ചിത്രം ഇത് നമുക്ക് നൽകുന്നു.

3. അവരുടെ കുട്ടികളും അവരുടെ സാംസ്കാരിക സ്വാധീനവും

ബൈബിൾ ആദയെയും സില്ലയെയും കുറിച്ച് വളരെക്കുറച്ചേ പറയുന്നുള്ളുവെങ്കിലും, അവരുടെ കുട്ടികളെ കുറിച്ച് ധാരാളം പരാമർശങ്ങൾ ഉണ്ട്. ഉല്പത്തി 4:2022 പറയുന്നു: ആദ യാബാലിനെ പ്രസവിച്ചു, അവൻ "കൂടാരങ്ങളിൽ വസിക്കുന്നവരുടെയും കന്നുകാലി വളർത്തുന്നവരുടെയും പിതാവായിരുന്നു." നാടോടി ജീവിതത്തിന്റെയും മൃഗസംരക്ഷണത്തിന്റെയും സ്ഥാപകനായി യാബാലിനെ കണക്കാക്കുന്നു. കൃഷിയുടെയും സമ്പദ്‌വ്യവസ്ഥയുടെയും വികസനത്തെ അദ്ദേഹം പ്രതിനിധീകരിക്കുന്നു.

ആദയുടെ രണ്ടാമത്തെ മകൻ യൂബാൽ, "വീണയും കുഴലും വായിക്കുന്ന എല്ലാവരുടെയും പിതാവായിരുന്നു." കലയുടെയും സംസ്കാരത്തിന്റെയും തുടക്കം കുറിക്കുന്ന സംഗീതത്തിന്റെ പിതാവായി അദ്ദേഹം ഓർമ്മിക്കപ്പെടുന്നു.

"വെങ്കലവും ഇരുമ്പും കൊണ്ടുള്ള എല്ലാ ഉപകരണങ്ങളുടെയും നിർമ്മാതാവായ" തൂബൽ-കയീനെ സില്ലാ പ്രസവിച്ചു. അദ്ദേഹം ലോഹപ്പണി, പുരോഗതി പ്രാപിച്ച സാങ്കേതികവിദ്യ, കരകൗശലവിദ്യ എന്നിവയിൽ വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചു. നാമ എന്നൊരു മകളും സില്ലയ്ക്കുണ്ടായിരുന്നു, അവളുടെ പേരിന്റെ അർത്ഥം "സുന്ദരി" എന്നാണ് (ഉല്പത്തി 4:22). അവളെക്കുറിച്ച് വളരെക്കുറച്ചേ പറഞ്ഞിട്ടുള്ളൂ.

ആദയും സില്ലയും അവരുടെ കുട്ടികളിലൂടെ സാംസ്കാരിക പുരോഗതിയുടെ അമ്മമാരായി. അവരുടെ കുടുംബത്തിൽ നിന്നാണ് ആടുകളെ വളർത്തൽ, സംഗീതം, ലോഹപ്പണി എന്നിവ ഉണ്ടായത് - മനുഷ്യ നാഗരികതയുടെ മൂന്ന് തൂണുകൾ. കയീന്റെ വംശത്തിൽ പോലും സർഗ്ഗാത്മകതയും വൈദഗ്ധ്യവും വികസിക്കാൻ ദൈവം അനുവദിച്ചുവെന്ന് ഇത് കാണിക്കുന്നു. പിന്നീട്, തിരുവെഴുത്ത് സംഗീതം (സങ്കീർത്തനം 150), നൈപുണ്യമുള്ള കരകൗശല വൈദഗ്ദ്ധ്യം (പുറപ്പാട് 31:25), ഉത്തരവാദിത്തമുള്ള കൃഷി (ആവർത്തനം 8:7 9) എന്നിവ ഇവരുടെ സംഭാവനയാണ്. ആദയുടെയും സില്ലയുടെയും കുട്ടികൾ അമ്മമാരുടെ മറ്റൊരു സ്വഭാവം വെളിപ്പെടുത്തുന്നു. അവർ മനുഷ്യ സമൂഹത്തിന്റെ അടിത്തറയുടെ ഭാഗമായിരുന്നു. അവരുടെ പാരമ്പര്യം വ്യക്തിപരമായത് മാത്രമല്ല, നാഗരികവുമായിരുന്നു.

4. പ്രശ്നബാധിതമായ ഒരു കുടുംബത്തിൽ ജീവിക്കുന്നു

കുട്ടികളുടെ നേട്ടങ്ങൾ ഉണ്ടായിരുന്നിട്ടും, ആദയും സില്ലയും ബുദ്ധിമുട്ടുള്ള ഒരു കുടുംബത്തിലാണ് ജീവിച്ചിരുന്നത്. ഉല്പത്തി 4:2324-ൽ ലാമെക്ക് തന്റെ ഭാര്യമാരോടുള്ള വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നു: "ആദയും സില്ലയും ആയുള്ളോരേ എന്റെ വാക്കു കേൾപ്പിൻ; ലാമെക്കിന്റെ ഭാര്യമാരെ, എന്റെ വചനത്തിന് ചെവി തരുവിൻ. എന്റെ മുറിവിന് പകരം ഞാൻ ഒരു പുരുഷനേയും എന്റെ പരിക്കിനു പകരം ഒരു യുവാവിനേയും കൊല്ലും. കയീന്നു വേണ്ടി ഏഴിരട്ടി പകരം ചെയ്യുമെങ്കിൽ ലാമേക്കിനു വേണ്ടി എഴുപത്തേഴിരട്ടി പകരം ചെയ്യും."

"വാളിന്റെ ഗീതം" എന്ന് പലപ്പോഴും വിളിക്കപ്പെടുന്ന ഈ കവിത, ലാമെക്കിന്റെ അഹങ്കാരത്തെയും അക്രമത്തെയും വെളിപ്പെടുത്തുന്നു. രഹസ്യമായി ഹാബെലിനെ കൊലപ്പെടുത്തി ലജ്ജ തോന്നിയ കയീനിൽ നിന്ന് വ്യത്യസ്തമായി (ഉല്പത്തി 4:814), കൊലപാതകത്തെക്കുറിച്ച് ലാമെക്ക് പരസ്യമായി വീമ്പിളക്കുന്നു. തന്റെ പ്രതികാരം കയീന്റെ പ്രതികാരത്തേക്കാൾ എഴുപത്തിയേഴ് മടങ്ങ് വലുതായിരിക്കുമെന്ന് അവകാശപ്പെടുന്ന അദ്ദേഹം തന്റെ ശക്തിയെ അതിശയോക്തിപരമായി പറയുന്നു.

ലാമെക്ക് തന്റെ ഭാര്യമാരോട് നേരിട്ട് സംസാരിക്കുന്നത് ശ്രദ്ധിക്കുക, "ആദയും സില്ലയും, എന്റെ ശബ്ദം കേൾക്കൂ." അവരുടെ ശ്രദ്ധയും ഒരുപക്ഷേ അവരുടെ പ്രശംസയും അവൻ ആഗ്രഹിച്ചുവെന്ന് ഇത് കാണിക്കുന്നു. ഒരു സംരക്ഷകനും ദാതാവും ആകുന്നതിനുപകരം, ലാമെക്ക് അഭിമാനത്തിന്റെയും ഭീഷണിയുടെയും ഒരു മനുഷ്യനായി മാറി.

ആദയ്ക്കും സില്ലയ്ക്കും, ഇത് ഒരു അക്രമാസക്തനായ ഭർത്താവിന്റെ അധികാരത്തിൻകീഴിൽ ജീവിക്കുക എന്നതായിരുന്നു. ആഖ്യാനത്തിലെ അവരുടെ നിശബ്ദത അത്തരമൊരു വീട്ടിൽ അവരുടെ ശബ്ദമില്ലായ്മയെ പ്രതിഫലിപ്പിച്ചേക്കാം. തന്റെ പരുഷനായ ഭർത്താവായ നാബാലിനോട് വിവേകപൂർവ്വം ഇടപെട്ട അബീഗയിൽ (1 ശമുവേൽ 25), ശൗലിന്റെയും പിന്നീട് ദാവീദിന്റെയും കീഴിൽ കഷ്ടത അനുഭവിച്ച മീഖൾ (1 ശമുവേൽ 1819; 2 ശമുവേൽ 6) എന്നിവരും തിരുവെഴുത്തിലെ മറ്റ് സ്ത്രീകളിൽ ഉൾപ്പെടുന്നു. പുരുഷ അഹങ്കാരവും അക്രമവും അവരുടെ ദൈനംദിന ജീവിതത്തെ രൂപപ്പെടുത്തിയ സാഹചര്യത്തിൽ കുടുങ്ങിയ സ്ത്രീകളെയാണ് ആദയും സില്ലയും പ്രതിനിധീകരിക്കുന്നത്.

5. വിശാലമായ ചരിത്രപരവും ദൈവശാസ്ത്രപരവുമായ പശ്ചാത്തലം

ആദയുടെയും സില്ലയുടെയും ജീവിതം വിശാലമായ ബൈബിൾ, ചരിത്ര പശ്ചാത്തലത്തിൽ മനസ്സിലാക്കണം.

ഉല്പത്തി 3-ൽ മനുഷ്യരാശിയുടെ പതനത്തിനും ഉല്പത്തി 4:8-ൽ കയീൻ ഹാബെലിനെ കൊലപ്പെടുത്തിയതിനും ശേഷമാണ് ഇവരേക്കുറിച്ച് പരാമർശിക്കുന്നത്. കാലം കടന്നുപോകുന്തോറും ആളുകൾ ദൈവത്തിൽ നിന്ന് കൂടുതൽ അകന്നുകൊണ്ടിരുന്നു, പാപം കൂടുതൽ സാധാരണമായി. കയീൻ തന്റെ സഹോദരനെ കൊന്നു, പക്ഷേ കുറഞ്ഞപക്ഷം അയാൾക്ക് അതിൽ കുറ്റബോധം തോന്നി. പിന്നീട്, ലാമെക്ക് ഒരാളെയും കൊന്നു, പക്ഷേ ഖേദിക്കുന്നതിനു പകരം, അവൻ അതിനെക്കുറിച്ച് വീമ്പിളക്കി. ആളുകളുടെ ഹൃദയങ്ങൾ എങ്ങനെ കഠിനവും പാപകരവുമായി മാറുന്നുവെന്ന് ഇത് കാണിക്കുന്നു. വർദ്ധിച്ചുവരുന്ന തിന്മയുടെയും ധാർമ്മിക അധഃപതനത്തിന്റെയും ഈ സമയത്താണ് ആദയും സില്ലയും ജീവിച്ചത്. ധാർമ്മികതയുടെ ഈ അധോഗതിയിലുള്ള കാലഘട്ടത്തിലാണ് ആദയും സില്ലയും ജീവിച്ചത്.

ഉല്പത്തി 4 സാംസ്കാരിക വികസനത്തിന്റെ ആരംഭം കാണിക്കുന്നുവെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു: കൃഷി, സംഗീതം, ലോഹശാസ്ത്രം, നഗര ജീവിതം. പാപം ആഴത്തിലാകുമ്പോഴും മനുഷ്യന്റെ കഴിവുകൾ വികസിച്ചുകൊണ്ടിരിക്കുന്ന ചരിത്രത്തിലെ ഈ ഘട്ടത്തിന്റെ ഭാഗമായിരുന്നു ആദയും സില്ലയും.

ലാമെക്കിനേക്കുറിച്ച് പറയുന്നതിന് തൊട്ടുപിന്നാലെ, ശേത്തിന്റെ ജനനത്തെയും കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ആളുകളുടെ തുടക്കത്തെയും ഉല്പത്തി പരിചയപ്പെടുത്തുന്നു (ഉല്പത്തി 4:2526). അതിനാൽ, ആദയുടെയും സില്ലയുടെയും ജീവിതം ശേത്തിന്റെ ദൈവിക പരമ്പരയ്ക്ക് വിരുദ്ധമാണ്. അവരുടെ കുടുംബം സംസ്കാരത്തെ പുരോഗമിപ്പിച്ചു, പക്ഷേ വിശ്വാസത്തെയല്ല. ദൈവമില്ലാതെ മനുഷ്യന്റെ പുരോഗതി ഇപ്പോഴും അക്രമത്തിലേക്കും അഹങ്കാരത്തിലേക്കും നയിക്കുന്നുവെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു.

6. ആദയും സില്ലയും നമുക്കു നൽകുന്ന സന്ദേശം

വിവാഹത്തിനായുള്ള ദൈവത്തിന്റെ രൂപകൽപ്പനയെ ബഹുമാനിക്കണം. ബഹുഭാര്യത്വം വഴിയുള്ള വിവാഹത്തിന്റെ വികലതയോടെയാണ് അവരേക്കു

റിച്ചുള്ള പരാമർശം ആരംഭിക്കുന്നത്. ഉടമ്പടി സ്നേഹത്തിൽ ഒരു പുരുഷനും ഒരു സ്ത്രീയും എന്ന ദൈവത്തിന്റെ യഥാർത്ഥ മാതൃകയെ ബഹുമാനിക്കാൻ ഇത് നമ്മെ മുന്നറിയിപ്പ് നൽകുന്നു (ഉല്പത്തി 2:24; മത്തായി 19:6).

സ്ത്രീകൾ അവരുടെ കുട്ടികളിലൂടെ ഭാവിയെ സ്വാധീനിക്കുന്നു. അവരുടെ വ്യക്തിപരമായ തിരഞ്ഞെടുപ്പുകളെക്കുറിച്ച് ബൈബിൾ നിശബ്ദത പാലിക്കുന്നുണ്ടെങ്കിലും, ആദയിലും സില്ലയിലും ഉള്ള കുട്ടികൾ ലോകത്തെ രൂപപ്പെടുത്തി. ഇത് അമ്മമാരുടെ സ്വാധീനത്തെ കാണിക്കുന്നു (സദൃശവാക്യങ്ങൾ 31:28).

സൗന്ദര്യവും സമാധാനവും വിലപ്പെട്ട ഗുണങ്ങളാണ്. ആദയുടെ പേര് സൗന്ദര്യത്തെ സൂചിപ്പിക്കുന്നു, സില്ലയുടെ പേര് തണലിനെയോ ആശ്വാസത്തെയോ സൂചിപ്പിക്കുന്നു. ബാഹ്യവും ആന്തരികവുമായ ഗുണങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചിവ നമ്മെ ഓർമ്മിപ്പിക്കുന്നു (1 പത്രോസ് 3:34).

ലാമെക്കിനൊപ്പം ജീവിക്കുന്നത് ബുദ്ധിമുട്ടായിരുന്നു. ഇന്ന് പല സ്ത്രീകളും വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നു. നിശബ്ദതയിൽ സഹിച്ചുനിൽക്കുന്നവരുടെ ശാന്തമായ ശക്തിയെ വിലമതിക്കാൻ ആദയും സില്ലയും നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവമില്ലാതെ മനുഷ്യ പുരോഗതി അപകടകരമാണ്. അവരുടെ കുടുംബം സംസ്കാരത്തിൽ പുരോഗതി പ്രാപിച്ചു, പക്ഷേ നീതിയിലല്ല. സാങ്കേതികവും കലാപരവുമായ വളർച്ച ദൈവിക മൂല്യങ്ങളാൽ നയിക്കപ്പെടണം എന്നതാണ് പാഠം (മീഖാ 6:8).

ഉല്പത്തി 4:1923-ൽ ചുരുക്കമായി മാത്രമേ പരാമർശിച്ചിട്ടുള്ളൂവെങ്കിലും, ആദയും സില്ലയും ബൈബിൾ ചരിത്രത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ലാമെക്കിന്റെ ഭാര്യമാരായി, അവർ ബഹുഭാര്യത്വത്തിന്റെ തുടക്കം കുറിക്കുന്നു, ദൈവത്തിന്റെ രൂപകൽപ്പനയിൽ നിന്നുള്ള ഒരു വ്യതിചലനം കാണിക്കുന്നു. അവരുടെ പേരുകൾ സൗന്ദര്യത്തിലേക്കും സമാധാനത്തിലേക്കും വിരൽ ചൂണ്ടുന്നു, അതേസമയം അവരുടെ കുട്ടികൾ ആട്ടിൻകൂട്ടം, സംഗീതം, ലോഹപ്പണി എന്നിവയുടെ സ്ഥാപകരായി. അതേസമയം, അവർ അക്രമാസക്തനും പൊങ്ങച്ചക്കാരനുമായ ഒരു ഭർത്താവിന്റെ അധികാരത്തിൻ കീഴിലാണ് ജീവിച്ചത്.

വിവാഹത്തിനായുള്ള ദൈവത്തിന്റെ പദ്ധതി അവഗണിക്കുന്നതിന്റെ അപകടങ്ങൾ, മക്കളുടെ ജീവിതത്തിൽ അമ്മമാരുടെ സ്വാധീനം, സൗന്ദര്യത്തിന്റെയും സമാധാനത്തിന്റെയും മൂല്യം, കഷ്ടപ്പാടുകളിൽ ആവശ്യമായ ശക്തി, ദൈവമില്ലാതെയുള്ള പുരോഗതിയുടെ ശൂന്യത എന്നിവയെക്കുറിച്ച് അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. തിരുവെഴുത്തിലെ ചെറിയ വിശദാംശങ്ങൾക്ക് പോലും ആഴത്തിലുള്ള അർത്ഥമുണ്ടെന്ന് ആദയും സില്ലയും നമ്മെ ഓർമ്മിപ്പിക്കുന്നു, കയീന്റെ പിൻഗാമികളുടെ ജീവിതത്തിലെ അവരുടെ സ്ഥാനം പിന്നീട് ശേത്തിന്റെ വംശപാരമ്പര്യത്തിലൂടെ വന്ന വിശ്വസ്തതയുമായി വ്യത്യസ്തമാണ്.

ആത്യന്തികമായി, വിശ്വാസം, സ്നേഹം, അനുസരണം എന്നിവയിൽ അധിഷ്ഠിതമായ കുടുംബങ്ങൾക്കായുള്ള ദൈവത്തിന്റെ ആഗ്രഹത്തിലേക്ക് അവരുടെ ജീവിതം നമ്മെ തിരികെ നയിക്കുന്നു. മനുഷ്യരാശിയുടെ ആദ്യകാല പോരാട്ടങ്ങൾക്കും ഇന്ന് ദൈവത്തിന്റെ രൂപകൽപ്പന അനുസരിച്ച് ജീവിക്കാൻ ശ്രമിക്കുമ്പോൾ നാം പഠിക്കേണ്ട പാഠങ്ങൾക്കും സാക്ഷികളായി ആദയും സില്ലയും നിലകൊള്ളുന്നു.



ബഥേൽ പ്രസ്ഥാനത്തിന്റെ പ്രസിഡന്റും സുപ്പീരിയറും ആയിരുന്ന ജേക്കബ് ഡാനിയേൽ അച്ചന്റെ ഓർമ്മ ദിനം അദ്ദേഹം അന്ത്യ വിശ്രമം കൊള്ളുന്ന വാഴമുട്ടം മാർ ബർസൗമ്മ ഓർത്തഡോക്സ് പള്ളിയിൽ വച്ച് ബഥേൽ പ്രസ്ഥാനത്തിന്റെ വിസിറ്റർ ബിഷപ്പ് ഡോ. യാക്കോബ് മാർ ഐറേനിയോസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.



വി. ദേവാലയ കൂദാശയ്ക്ക് ഒരുങ്ങി അയർലണ്ട് മണ്ണിൽ മലങ്കരസഭ പണികഴിപ്പിച്ച ആദ്യ ദേവാലയമായ ഡബ്ലിൻ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളി.



As part of the International Conference on "Towards a Sustainable Future: Scientists and Sages Meet" , the book - "Paulose Mar Gregorios: A Reader" (Edited by Fr. Dr. K. M. George) has been released. Dr Cherian Eapen, Fr. Dr. K. M. George, Dr. Satish Kumar (founder of Schumacher College, UK), and Fr. Dr. John Thomas Karingattil (Principal OTS) are seen.



മലങ്കര മെത്രാപ്പോലീത്തയായിരുന്ന പരിശുദ്ധ ചേപ്പാട് ഫിലിപ്പോസ് മാർ ദീവന്നാസ്യോസിന്റെ 170-ാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് തിരുമേനിയുടെ കബറിടത്തിൽ മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അഖണ്ഡ പ്രാർത്ഥന നടത്തപ്പെട്ടു.

വചനതീർത്ഥം

സ്ലീബായ്ക്കുശേഷം നാലാം ഞായർ

(വി. ലൂക്കോസ് 12:13-21)

ഫാ. മോൻസി ഫിലിപ്പ്



ധനികനായ മൂഢന്റെ ഉപമ ഇന്നത്തെ ചിന്ത വേദഭാഗം വി. ലൂക്കോസ് 12:13 -21. ദൈവാശ്രയത്തോടെ ജീവിക്കുന്ന ബുദ്ധിമാന്റെ കാര്യങ്ങൾ പറഞ്ഞതിനെ തുടർന്ന് സ്വയത്തിൽ ആശ്രയിക്കുന്ന മൂഢനായ ധനവാന്റെ ഉപമ യേശു പറയുന്നു. അതിനുണ്ടായ സന്ദർഭം, ജനക്കൂട്ടത്തിൽ ഒരുവൻ കർത്താവിനോട് സഹോദരനുമായി അവകാശം പങ്കിടുവാനുള്ള സഹായത്തിനായ അഭ്യർത്ഥിക്കുന്നതാണ്. യേശു ആ ആവശ്യത്തെ നിരാകരിക്കുകയും, ഇതേ അവസരത്തിൽ സമ്പത്തിന്റെ നൈമിഷികതയെപ്പറ്റി മൂഢനായ ധനികന്റെ ഉപമയിലൂടെ തന്റെ അനുയായികളെ പഠിപ്പിക്കുന്നു. ധനവാനായ മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. വിളവു കൂട്ടിവയ്ക്കാൻ സ്ഥലം പോര എന്ന് ചിന്തിച്ച് കളപ്പുര പൊളിച്ച് വലിയവ പണിത് എല്ലാം അനേക ആണ്ടുകൾക്കുവേണ്ടി സ്വരൂപിച്ചു വച്ചു. ദൈവമോ അവനോട് 'മൂഢാ' ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവച്ചതു ആർക്കാകും. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നേ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു. ഇതാണ് വേദഭാഗ സാരം.

വേദഭാഗ ചിന്തകൾ

(1) യേശുവിന്റെ വീക്ഷണം - ഭൗതീകതയിൽ നിന്ന് ആത്മീയതയിലേക്ക്.

വി. ലൂക്കോസ് 12:13-15

യേശുതമ്പുരാൻ മനുഷ്യരിൽ നിന്ന് ആഗ്രഹിക്കുന്ന ഒന്നാണ്, എല്ലാ മനുഷ്യനും ഭൗതീകത വെടിഞ്ഞ് ആത്മീയതയിലേക്ക് തിരിയണം എന്ന്. യേശു തമ്പുരാന്റെ അടുക്കൽ വന്ന മനുഷ്യൻ "ഗുരോ, ഞാനുമാനു അവകാശം പഹ്കിടുവാൻ എന്റെ സഹോദരനോട് കല്പിച്ചാലും എന്നു പറഞ്ഞു." അവൻ ഭൗതീക അവകാശം ആവശ്യപ്പെട്ടു. യേശു ആത്മീയ അവകാശത്തെക്കുറിച്ച് പഠിപ്പിച്ചു. ഓഹരി പങ്കിടേണ്ട വ്യവസ്ഥയെക്കുറിച്ച് (സംഖ്യ 27:8-11), (ആവർ. 21:15-17) ഈ ഭാഗങ്ങളിൽ വിവരണമുണ്ട്. യേശുവിന്റെ അടുക്കൽ വന്നവന്റെ ലക്ഷ്യം ക്രിസ്തു മനസ്സിലാക്കി. ധനപരമായ കാര്യങ്ങളിൽ ന്യായാധിപനായിരിക്കുവാനല്ല തന്റെ ദൗത്യം എന്ന സത്യം വെളിപ്പെടുത്തി.ദ്രവ്യാഗ്രഹത്തിനെതിരെ ഒരു മുന്നറിയിപ്പ് കർത്താവ് അവനു നൽകി.

"സമ്പത്തിനെ സ്നേഹിക്കുന്നവൻ തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുന്നു. എന്നാൽ ദരിദ്രരെ സ്നേഹിക്കുന്നവൻ സ്വർഗ്ഗീയ നിക്ഷേപം സ്വരൂപിക്കുന്നു." സെന്റ് അഗസ്റ്റിൻ.

യേശു ഇവിടെ ഓർമ്മിപ്പിക്കുന്നു, 'സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊള്ളുവിൻ." (15) മനുഷ്യൻ ഭൗതീക ലോകത്തിൽ സമ്പത്തിന്റെ പുറകെ യാത്ര ചെയ്യുമ്പോൾ യേശു പഠിപ്പിക്കുന്നു' "സൂക്ഷിച്ചുകൊള്ളുവീൻ" എന്ന്. ഭൗതീക ലക്ഷ്യങ്ങൾ സ്ഥിരമല്ല. അവിടെ അപകടങ്ങൾ ഉണ്ട്. ക്രിസ്തു വിളിക്കുന്നത് ശാശ്വതമായ ഇടങ്ങളിലേയ്ക്കാണ്. അവിടെ എല്ലാം സ്ഥിരമാണ്. ക്രിസ്തുവിന്റെ നോട്ടം എപ്പോഴും ഉണ്ടാകും.

"മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ. അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടും." വി. മത്തായി 6:33

യേശു ലോകത്തോടുള്ള തന്റെ വീക്ഷണത്തിൽ ആത്മീയത മുൻനിർത്തിയവനാണ്. അവൻ പറഞ്ഞ വചനങ്ങൾ, പ്രവൃത്തികൾ, ഉപമകൾ എല്ലാം നമ്മേ ഭൈതികതയിൽ നിന്ന് ആത്മീയതയിലേക്കുള്ള യാത്രയിലേയ്ക്ക് വിളിക്കുന്നതാണ്.

"എന്റെ രാജ്യം ഐഹികമല്ല" (വി. യോഹന്നാൻ 18:36)



ഇവിടെ യേശുവിന്റെ വീക്ഷണം പൂർണ്ണമായി പ്രതിഫലിക്കുന്നു. അവൻ ലോകത്തിന്റെ യാഥാർത്ഥ്യങ്ങളെ നിരസിക്കുന്നില്ല. പക്ഷേ അതിനെ മോചനത്തിന്റെ ആത്മീയ വീക്ഷണത്തിൽ കണ്ടു. ക്രിസ്തു ഒരുവനെ വീക്ഷിക്കുന്നത് ഭൗതീകതയുടെ അതിരുകൾ കടന്നാണ്. ലോകം സാധാരണയായി വസ്തുക്കളെ ദൃശ്യമായ മൂല്യങ്ങളിലൂടെ അളക്കുന്നു. സമ്പത്ത്, പദവി, ബലം, എന്നിവയുടെ അടിസ്ഥാനത്തിൽ. എന്നാൽ യേശു ഈ മൂല്യങ്ങളെ ചോദ്യം ചെയ്യുന്നു. സമ്പന്നനായ യുവാവിനോട് യേശു പറഞ്ഞു.

ഒരു കുറവു നിനക്കുണ്ട്, നീ പോയി നിനക്ക് ഉള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക. എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക! വി. മർക്കോസ് 10:21.

യേശുവിന്റെ ആത്മീയ വീക്ഷണത്തിന്റെ പ്രധാനം, ഭൗതീക സുരക്ഷയല്ല. ആത്മീയ സമൃദ്ധിയാണ്. യേശുതമ്പുരാൻ മനുഷ്യന്റെ ഹൃദയത്തിലേക്കാണ് നോക്കുന്നത്. അവിടെ കരുണയും, സ്നേഹവും, പ്രാർത്ഥനയും, അനുതാപവും ഉണ്ടാകണം. ഇതാണ് ദൈവം ആഗ്രഹിക്കുന്നത്.

മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു യഹോവയോ ഹൃദയത്തെ നോക്കുന്നു. 1 ശമു. 16:7.

"യേശു ദാരിദ്ര്യത്തിൽ ജനിച്ചു, ദാരിദ്ര്യത്തിൽ ജീവിച്ചു. ദാരിദ്ര്യത്തിൽ മരിക്കുകയും ചെയ്തു. ലോകത്തിന്റെ ഭൗതീകമൂല്യങ്ങളെ അപ്രസക്തമാക്കാനായി" സെന്റ് ജോൺ ക്രിസോസ്റ്റം.

ആത്മീയതയിലേക്കുള്ള ക്രിസ്തുവിന്റെ വിളി അനുദിനം നാം പ്രോജ്വലി

പ്പിക്കണം.

(a) നമ്മുടെ കണ്ണുകൾ തുറക്കണം.

പാവപ്പെട്ടവരിൽ, ദുരിതത്തിലായവരിൽ സഹോദരനിൽ ക്രിസ്തുവിനെ കാണാൻ പഠിക്കണം.

(b) ഭൗതീക, ആശ്രയം കുറയ്ക്കണം.

സമ്പത്ത്, സ്ഥാനം, പ്രാധാന്യം ഇവയെല്ലാം യഥാർത്ഥ സമാധാനം നൽകില്ല. പ്രാർത്ഥനയും, വചനധ്യാനവും നമ്മേ ആത്മീയദൃഷ്ടിയിലേക്ക് നയിക്കും.

സഭാജീവിതത്തിൽ പങ്കാളികളാകണം.

വി. കുർബ്ബാനയിലൂടെയും, ആരാധനയിലൂടെയും സഹോദര സ്നേഹത്തിലൂടെയും യേശുവിന്റെ ദൃഷ്ടിയിൽ നിന്ന് ലോകത്തെ കാണാൻ നമുക്ക് പഠിക്കാം.

(2) മൂഢനായ ധനികൻ – 'ഞാൻ' 'എന്റെ' എന്ന ചിന്തകളിൽ അടിമ.

വി. ലൂക്കോസ് 12:16-21

മൂഢനായ ധനികന്റെ ഉപമ. ഈ ഉപമ പറയുവാനുള്ള സന്ദർഭം വി. ലൂക്കോസ് 12:13 മുതലുള്ള ഭാഗങ്ങളാണ്. ഈ ഉപമയിൽ ഞാൻ, എന്റേത് എന്ന് മാത്രം ചിന്തിക്കുന്ന ധനികനായ മനുഷ്യൻ. ആ മനുഷ്യൻ മൂഢനാണെന്ന് യേശു പറയുന്നു. കാരണം സ്വന്തം കാര്യങ്ങൾ മാത്രം ചിന്തിക്കുന്നവൻ.

നാമും സ്വന്തം ഭൗതീക നേട്ടങ്ങളിൽ മാത്രം ആശ്രിയിക്കുന്നെങ്കിൽ അവനും ഭോഷനായ ധനികന് തുല്യമാണ്.

ഇവിടെ 'ഞാൻ' എന്ന ഏകവ്യക്തിയിൽ കേന്ദ്രീകൃതമാണ്. മറ്റുള്ളവരെപ്പറ്റി ചിന്തിക്കുകയോ അവരുടെ അഭിപ്രായങ്ങൾ ആരായുകയേ ചെയ്യാത്ത ഈ മനുഷ്യൻ, തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന തത്വത്തിൽ അടിസ്ഥാനമാക്കി ജീവിക്കുന്ന ചാർവകന്മാരുടെ () പ്രതിനിധിയാണ്. ദൈവത്തേയോ, മനുഷ്യരേയോപ്പറ്റി പരിഗണിക്കാത്ത ഭോഷന്മാരാണിവർ. വി. ലൂക്കോസിന്റെ വീക്ഷണത്തിൽ ഭോഷനായ ധനികൻ ആരാണ്? സമ്പത്തല്ല അല്ലെ അവന്റെ ഭോഷത്വത്തിന് അടിസ്ഥാനം. ദൈവത്തേയും, അപരനെയും, പൂർണ്ണമായും സ്വന്തം ജീവിതത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യുന്നവനാണ് ഭോഷൻ.

പലപ്പോഴും നമ്മുടെ ജീവിതവും ഇങ്ങനെയൊക്കെയാണ്. 'ഞാൻ' 'എന്റെത്' എന്ന ചിന്തകളിൽ ജീവിക്കും. അതിൽ ദൈവം നൽകുന്ന സമാധാനവും സന്തോഷവും ഇല്ല. എന്തൊക്കെ ഉണ്ടായിട്ടും പ്രയാസങ്ങൾ മാത്രമായിരിക്കും. സമാധാനം ലഭിക്കണമെങ്കിൽ ദൈവം കൂടെ വേണം. ദൈവം കൂടെ വേണമെങ്കിൽ നാം 'ഞാൻ' എന്ന ബോധം വിട്ട് 'നമ്മൾ' 'ഞങ്ങൾ' എന്ന ബോധ്യത്തിലേയ്ക്ക് വളരണം.

ധനികനായ ഈ മനുഷ്യൻ സാധാരണ വീക്ഷണത്തിൽ വളരെ ബുദ്ധിമാനാണ്. ശാസ്ത്രീയമായ കൃഷിയും, പരിപാലനവും, ധാന്യങ്ങളുടെ സംഭരണവും എല്ലാം ബുദ്ധിപൂർവ്വം ഇയാൾ കൈകാര്യം ചെയ്യുന്നു. എന്നാൽ ദൈവം ഇയാളെ വിളിക്കുക 'വിഡ്ഢി' എന്നാണ്. എല്ലാ ധനികളും വിഡ്ഢികളാണെന്നല്ല ഇത് അർത്ഥമാക്കുന്നത്. മറിച്ച് അപരനെയും ദൈവത്തെയും മറന്ന് സ്വന്തം സുഖം മാത്രം ലക്ഷ്യം വയ്ക്കുന്ന ധനികനെയാണ് ഭോഷൻ എന്ന് വിളിക്കുന്നത്.അവൻ "Self Centered thinking" -ൽ ശ്രദ്ധ ചെലുത്തി.

1. ദൈവത്തെ മറന്നു
2. ദരിദ്രരെ മറന്നു
3. നിത്യജീവനെ മറന്നു

നാമും ചിലപ്പോഴൊക്കെ ഇങ്ങനെയാണ് എല്ലാം മറക്കും. കൂട്ടിവയ്ക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കും. ഇന്ന് നല്ല സൗഹൃദങ്ങൾ പോലും ഇല്ലാതെ ജീവിച്ചു തീർക്കുന്നവർ ഉണ്ട്. ഇനിയെങ്കിലും ഈ ഭോഷനായ ധനികനെപ്പോലെ ആകാതെ ഉള്ളതിൽ നിന്ന് ബന്ധങ്ങൾ ദൃഢപ്പെടുത്താൻ ശ്രമിച്ചുകൂടെ നമുക്ക് വേണം ദൈവത്തിന്റെ ഇഷ്ടം അതുതന്നെയല്ലേ. ഒന്നു ശ്രമിച്ചു നോക്കാം.നാം തയ്യാറെങ്കിൽ ദൈവം സാധ്യതകളെ തുറക്കും.

"സമ്പത്ത് നീതിയില്ലാതെ ഉപയോഗിക്കുമ്പോൾ അതു ദൈവവിരുദ്ധമായിരിക്കും; പക്ഷേ ദാനധർമ്മത്തോടെ ഉപയോഗിക്കുമ്പോൾ അതു ദൈവസമ്മതമായിരിക്കും." - St. John Chrysostom

ഉപമയിലെ ധനികന്റെ ഭോഷത്തരങ്ങൾ

(1) ജീവിതത്തിന്റെ നശ്വരതയെ തിരിച്ചറിയിക്കൽ

എല്ലാം സ്വന്തം നിയന്ത്രണത്തിലാണെന്ന് കരുതുന്ന ധനികൻ സ്വന്തം ജീവിതത്തിനുമേൽ തനിക്ക് യാതൊരു നിയന്ത്രണവുമില്ലെന്ന് തിരിച്ചറിയുന്നില്ല. "മൂഢാ ഈ രാത്രി നിന്റെ ആത്മാവിനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കി വെച്ചതു ആർക്കാകും."

(2) മരണത്തിനപ്പുറം ശൂന്യത

ധനികന്റെ ശ്രദ്ധാകേന്ദ്രം മുഴുവൻ സമ്പത്ത്, അറപ്പുരകൾ, കൃഷിയിടം, സുഖം തുടങ്ങിയവയാണ്. മരണത്തിനുശേഷം ഒരു ജീവിതമുണ്ടെന്നോ അതിനായ ഭൂമിയിൽവച്ചു ഒരുങ്ങണമെന്നോ ധനികൻ ചിന്തിച്ചില്ല.

(3) ദൈവത്തെ മറന്നുള്ള ജീവിതം

ജീവിതത്തെ മുന്നോട്ട് നയിക്കുന്നത് സ്വയം തീരുമാനങ്ങൾ മാത്രമാണെന്ന് ഭോഷനായ ധനികൻ ധരിച്ചു. സ്വന്തം തീരുമാനങ്ങൾ ജീവിതത്തിൽ പ്രാധാന്യമുള്ളവയെങ്കിലും ദൈവത്തിന് നമ്മുടെ ജീവിതത്തിൽ ആത്യന്തികമായി പ്രഥമസ്ഥാനം നാം നൽകുന്നു. "മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്." എന്ന കർത്താവിന്റെ മൊഴികൾ നാം മറക്കരുത്.

(4) അതിരുകടന്ന സ്വാർത്ഥത

സ്വന്തം സുഖവും താല്പര്യങ്ങൾക്കുമപ്പുറം ഭോഷനായ ധനികന് അപരന്റേതായ ഒരു ലോകമില്ല.

ദൈവത്തിനും അപരനും ദരിദ്രനും സ്വന്തം ജീവിതത്തിൽ സ്ഥാനം നൽകാത്ത ആളുകളോട് ദൈവത്തിന്റെ ചോദ്യമാണ്.

"ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും. നാശത്തിൽ നിന്ന് ആത്മാവിനെ രക്ഷിക്കാനുള്ള മാർഗ്ഗമെന്താണ്. പങ്കുവയ്ക്കലിന്റെയും, സഹകരണത്തിന്റെ പാതയാണ് ആത്മരക്ഷയ്ക്കുള്ള മാർഗ്ഗം.

"എന്റെ അധികസമ്പത്ത് സൂക്ഷിക്കാനുള്ള അറപ്പുരകൾ ഏതാണ്? ആവശ്യക്കാരന്റെ മടിശ്ശീലയും വിധവയുടെ വീടും, അനാഥന്റെയും ശിശുക്കളുടെയും വിശക്കുന്ന വയറുകളുമാണ് എന്റെ അധികധനം സൂക്ഷിക്കാനുള്ള ഇടങ്ങൾ. ചിതലും പുഴുവും അരിക്കാതെ, എനിക്ക് എന്റെ സമ്പാദ്യങ്ങൾ സൂക്ഷിക്കാനുള്ള സ്വർഗ്ഗമാണിവ." - വി. അംബ്രോസ്.

ആത്മീയ പാഠങ്ങൾ

1. സമ്പത്ത്, ദൈവം നൽകി ഉത്തരവാദിത്വമാണ്.

സമ്പത്ത് സ്വന്തമല്ല. ദൈവത്തിന്റെ കയ്യിൽ നിന്നുള്ള വിശ്വാസം ആണ്.

"ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രേ." (1 കൊരി. 4:2)

2. ദരിദ്രരുടെ സേവനം – നിത്യനിക്ഷേപം

"എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു." സദൃ. 19:17

3. സമ്പത്ത് ആത്മാവിനെ അടിമയാക്കും

"ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ." 1 തിമോ. 6:10.

4. ഭൗതിക സമ്പത്ത് ചാവുമ്പോൾ ഇവിടെതന്നെ ഇരിക്കും, ആത്മീയ സമ്പത്ത് സ്വർഗ്ഗത്തിൽ പോകും.

"പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ" വി. മത്തായി 6:20

5. ദൈവം മനുഷ്യന്റെ ഹൃദയത്തെ നോക്കുന്നു.

"യഹോവയോ ഹൃദയത്തെ നോക്കുന്നു.' 1 ശമു 16:7.

Church Calendar



Life Beyond Possessions

Fourth Sunday after the Holy Cross

(St. Luke 12:13–21)

Fr Aaron Joshua John

The Gospel today tells us of a man who interrupts Christ, asking Him to divide an inheritance between brothers. Instead of settling the dispute, Christ warns, *"Take heed, and beware of covetousness, for one's life does not consist in the abundance of possessions."* He then speaks the parable of the rich fool who, after a plentiful harvest, says to himself, *"I will tear down my barns and build larger ones, and I will store all my goods and say to my soul, 'You have ample goods laid up for many years; relax, eat, drink, and be merry.'"* But God calls him a fool, *"This night your soul is required of you; and the things you have prepared, whose will they be?"* Christ concludes, *"So is he who lays up treasure for himself and is not rich toward God."* This parable speaks not only to greed but also to misplaced security, trusting in possessions instead of God.

1. The Folly of Greed and the Fragility of Life

The man in the parable is not condemned for being wealthy, but for being blind to the truth that life is fragile and belongs to God. Numbers 29:35–30:1 and 1 Kings 8:27–30 remind us that true security is found not in barns or possessions, but in worship of the living God, who alone dwells in heaven and yet hears the prayers of His people. Isaiah 54:5–8 reveals the same God as our Redeemer and Husband, who calls us into covenant love rather than bondage to wealth. Greed deceives us by promising permanence where there is none. St. Basil the Great writes sharply, *"The man who hoards wealth is like one who fills a broken vessel, he labours but gains nothing."* The rich fool's barns could not preserve his life for even one more night. Likewise, our lives are in God's hands, and every possession we cling to can vanish in an instant.

2. True Riches, Being Rich Toward God

If greed is folly, then wisdom is to be "rich toward God." Acts 18:24–28 speaks of Apollos, who though eloquent and learned, submitted himself to correction and grew in the Spirit, showing that true wealth is knowledge of God and humility in discipleship. Colossians 1:21–26 proclaims that we who were once alienated have now been reconciled in Christ, becoming heirs of



His glory. This is the treasure that moth and rust cannot destroy. St. John Chrysostom says, *"The rich man is not the one who has much, but the one who gives much; for what he gives away remains his forever."* In the Eucharist, we are reminded of this truth, all that we have is God's gift, and we offer it back to Him in thanksgiving. The kiss of peace restores mercy among us, and in receiving the Body and Blood of Christ, we taste the true riches of the Kingdom. To be rich toward God is to orient our lives toward eternity through mercy, generosity, and communion with Him.

Beloved in Christ, the parable of the rich fool warns us that life is not about storing up possessions, but about being rich toward God. Wealth without God is emptiness; barns filled with grain but hearts empty of mercy lead to eternal poverty. The readings today remind us that true security comes only from God, that true wealth is found in Christ, and that true stewardship is lived in mercy. Each Divine Liturgy trains us to live this truth, we offer what is already God's, we reconcile with our neighbour, and we receive the riches of eternal life in Christ. Let us, then, guard our hearts against greed, hold our possessions lightly, and live generously so that when our soul is required of us, we may be welcomed into the eternal barns of the Kingdom.

"വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. ... ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു."

– പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

(അന്ത്യ കല്പനയിൽ നിന്നും)



കെമിസ്ട്രിയിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും പിഎച്ച്.ഡി. നേടിയ എൽസ പി. ജോസ്. കാണിപ്പയ്യൂർ പുലിക്കോട്ടിൽ ജോസിന്റേയും മിനിയുടേയും മകളും കുന്നംകുളം ചിറളയം സെൻറ് ലാസറസ് ഇടവകാംഗം റ്റിറ്റോ രാജ് കെ. യുടെ പത്നിയുമാണ്

മറുപുറം



ഭ്രാന്ത്

ഫാ. അജീഷ് ബാബു

സ്വപ്നങ്ങൾ ഉള്ളവരെ കുറിച്ച് വാചാലമാകുന്നതിനിടയിൽ സ്വപ്നങ്ങൾ ഇല്ലാത്തവരെ കുറിച്ച് പൊതുവേ മൗനമാണ്, സ്വപ്നങ്ങൾ ഇല്ലാത്തവരെ ഒരുപക്ഷേ ഭ്രാന്തന്മാർ എന്നുപോലും മുദ്രകുത്തും. വളർച്ചയ്ക്ക് സ്വപ്നങ്ങൾ നല്ലതാണ് എന്ന് വെക്കുമ്പോൾ മനപ്പൂർവമായി സ്വപ്നങ്ങൾ മറന്നുവെക്കുന്ന കുറെ അധികം മനുഷ്യരുടെ സ്വപ്നങ്ങളില്ലാത്ത പ്രയത്നങ്ങൾ കൊണ്ടാണ് സ്വപ്നങ്ങളുള്ള ഒരാൾ മുന്നോട്ട് പോകുന്നത് എന്നുള്ളത് മറന്നു പോകരുത്. ഒരാൾക്കുവേണ്ടി കുട്ടം ആളുകൾ സ്വപ്നങ്ങൾ ഇല്ലാതെ ജീവിക്കുമ്പോൾ സ്വപ്നങ്ങളുള്ള മനുഷ്യർ എന്നോടൊപ്പം നിൽക്കുന്നവര ചൂഷണത്തിന് വിധേയമാകുന്നു. അവർ വിജയിച്ചു എന്ന് തോന്നുമ്പോൾ കൂടെയുള്ളവരെ മറന്നു പോകുന്നത് കണ്ടിട്ടില്ലേ. അവർ പാലിക്കുന്ന ഭാഷയിലെ അകലം അറിയാതെ മനസ്സ് വേദനിച്ചിട്ട് നമ്മുടെ കണ്ണിനെ നനയ്ക്കും. നാം പൊതുസമൂഹത്തിൽ സ്വപ്നങ്ങൾ ഉള്ളവരെ കുറിച്ച് വാചാലമാകുന്നതിനിടയിൽ സ്വപ്നങ്ങൾ ഇല്ലാത്തവരെ കുറിച്ച് മൗനമാണ്.

അംഗീകാരങ്ങളിൽ നിന്ന് ഒളിച്ചോടി സ്വയംഭ്രാന്തനായ ആളാണ് ദാവീദ്. പൊതു സമൂഹത്തിൽ ജനത്തിന്റെ അംഗീകാരത്തിന്റെ ആരവം വല്ലാതെ അന്തരീക്ഷത്തിൽ ഉയരുമ്പോൾ അധികാരത്തിന്റെ മത്ത് തലയ്ക്കു പിടിക്കേണ്ടവൻ എങ്ങനെയാണ് ഭ്രാന്തനായി മാറുന്നത്.

'ശൗൽ ആയിരത്തെ കൊന്നു, ദാവീദോ പതിനായിരത്തെ കൊന്നു' എന്ന് അവർ നൃത്തങ്ങളിൽ ഗാനപ്രതി ഗാനം ചെയ്തത് ഇവനെക്കുറിച്ചല്ലയോ എന്നു പറഞ്ഞു (1 ശമുവേൽ 21:11).

പൊതുസമൂഹം നൽകുന്ന അംഗീകാരങ്ങളെ എല്ലാ രീതിയിലും സന്തോഷപൂർവ്വം സ്വീകരിക്കുന്ന ഒരു മനോഭാവമാണ് നമ്മൾക്കെല്ലാം ഉള്ളത്. എന്നാൽ അതിന്റെ മറുപുറം അംഗീകാരങ്ങൾക്കുള്ളിലെ അപകടങ്ങളെ തിരിച്ചറിയുവാനുള്ള പ്രാപ്തി ഇല്ലാതെ പോകുന്നു എന്നതാണ്. ഒരാളുടെ ജീവൻ നഷ്ടപ്പെടുത്തി എന്നതിന്റെ പേരിൽ എങ്ങനെയാണ് അംഗീകാരം സ്വീകരിക്കാൻ കഴിയുക. എത്രമാത്രം ശത്രുത, വൈരാഗ്യ മനോഭാവം വച്ചുപുലർത്തുന്നവർ ആണെങ്കിലും അവർ നശിച്ചു പോകുന്നതിന്റെ പേരിൽ മറ്റുള്ളവരിൽ നിന്ന് അംഗീകാരം നേടിയെടുക്കുക എന്നുള്ളത് ഗൗരവമായ തെറ്റാണെന്ന് ദാവീദ് തിരിച്ചറിയുന്നു.

ദാവീദിനെ കുറിച്ച് ഈ വേദഭാഗം വായിക്കുമ്പോൾ പൊതുവേ ദാവീദിന് സ്വയരക്ഷാ നേടുന്നതിന് വേണ്ടി തിരഞ്ഞെടുത്ത ഒരു മാർഗമായി, അഭിനയമായി ഭ്രാന്തിനെ നമുക്ക് തോന്നും. അത് ശരിയുമാണ്. ദാവീദ് ഈ വാക്കുകളെ മനസ്സിലാക്കിയിട്ട് ഗത്ത് രാജാവായ ആഖീശിനെ ഏറ്റവും ഭയപ്പെട്ടു. അവരുടെ മുമ്പാകെ തന്റെ പ്രകൃതി മാറ്റി, അവരുടെ കൈകളിൽ ഇരിക്കെ ബുദ്ധി ഭ്രമം നടിച്ചു വാതിലിന്റെ കതകുകളിൽ വരച്ച് താടിമേൽ തുപ്പൽ ഒലിപ്പിച്ചുകൊണ്ടിരുന്നു, 1 ശമുവേൽ 21: 12. അതുവഴി ദാവീദ് രാജാവിന്റെ കൈയിൽനിന്ന് രക്ഷപ്പെടുകയും ചെയ്തു. ഈ വിവരണത്തിൽ നിന്ന് ദാവീദിന്റെ ഭ്രാന്ത് സ്വന്തം രക്ഷയെ മുൻനിർത്തി മാത്രമാണ് എന്ന് നമുക്ക് തോന്നും. എന്നാൽ പൊതുവേയുള്ള അംഗീകാരങ്ങളെ സ്വീകരിച്ച് ആരോടും പോരാടുവാൻ ഉള്ള ധൈര്യമുള്ള ആളാണ് ദാവീദ് എന്നാൽ അതിന് ശ്രമിക്കുന്നില്ല. സാമൂഹ്യമായ പദവിയും അംഗീകാരവും ഉണ്ടാകുമ്പോൾ കൂടുതൽ കീർത്തി പരക്കുവാൻ ഏതു തരത്തിലും ആക്രമിക്കുവാനും യുദ്ധം ചെയ്യുവാൻ താല്പര്യം കാണിക്കുന്ന ലോകമാണ് ഇന്നത്തേത്. ഇവിടെ ആരും സ്വയംഭ്രാന്തനായി ഒഴിഞ്ഞുമാറുന്നില്ല. ആയുധശേഖരങ്ങൾ കൂടുതൽ വാങ്ങി പുതിയ യുദ്ധ പ്രഖ്യാപനങ്ങൾക്ക് ഒരുങ്ങുകയാണ്. സ്വയംഭ്രാന്തനായി മാറുന്ന നമ്മുടെ വായനകൾക്ക് പുറത്തുള്ള ഒരു മറുപുറം ഉണ്ട്.

സ്വയം ഭ്രാന്തൻ:

ഒരുപക്ഷേ ഈ ഭ്രാന്ത് താൻ നേടിയ വിജയങ്ങളിലേക്ക് തന്റെ ശരീരവും മനസ്സും ചേർത്തുനിർത്താത്ത അവസ്ഥയാണ്. വിജയിയായിരിക്കുമ്പോഴും പരാജയപ്പെട്ടവന്റെ പക്ഷം ചേരുമ്പോൾ പൊതുസമൂഹം അവനെ ഭ്രാന്തൻ എന്ന് വിളിക്കും.

തന്റെ ഉത്തരവാദിത്വത്തിന്റെ ഭാഗമായി പോരാട്ടങ്ങൾ നടത്തിയെങ്കിലും വിജയത്തിൽ ദാവീദ് തൃപ്തൻ അല്ല, കാരണം ജീവൻ നഷ്ടപ്പെട്ടുപോയ മനുഷ്യരുടെ ജീവിതത്തെവെച്ച് എങ്ങനെയാണ് സ്വപ്നങ്ങളിൽ നെയ്തുകൂട്ടാൻ കഴിയുന്നത്. പരാജയപ്പെടുത്തി വിജയം ആഘോഷിക്കുന്നവർ എല്ലാ കാലത്തും തിരിച്ചറിയേണ്ട പാഠമാണ് ദാവീദിന്റെത്. താൻ കൊന്നവരുടെ വേണ്ടപ്പെട്ടവരുടെ കരച്ചിൽ സങ്കടപ്പെടുത്തി ദാവീദിനെ.

മരിച്ച മനുഷ്യനാൽ സ്വജീവിതത്തിലുണ്ടായ സന്തോഷങ്ങളെ ഓർത്തും ഇനിയവയുണ്ടാകില്ലല്ലോ എന്ന നിരാശയാലുമാണ് വേണ്ടപ്പെട്ടവരെല്ലാം കരയുന്നത്. സ്വന്തം സന്തോഷങ്ങളുടെ നഷ്ടമാണ് അവരെ അലട്ടുന്നത്.


എന്നെന്നേക്കുമില്ലാതായെന്ന് കരുതിയതെല്ലാം മറ്റേതെങ്കിലും രൂപത്തിൽ മറ്റാരിലെങ്കിലും കണ്ടെത്തുംവരെയേ നീളൂ ഈ ദുഃഖവും നീറ്റലും. എന്നിരുന്നാലും എത്രയൊക്കെ സ്വാഭാവികമെന്ന് നടിച്ചാലും മരണമൊരു നടുക്കമാകുന്നു. സങ്കീർത്തനം 51 ദാവീദിന്റെ മനസ്സ് വായിച്ചാൽ. ചെയ്തുപോയ തെറ്റിനെകുറിച്ച് കുറ്റബോധത്തോടെ അനുതപിക്കുന്നവനാണ്. ഇരിക്കുന്ന അധികാര കസേരയുടെ മഹത്വം പൂർണ്ണമാകുന്നത് സ്വന്തം തെറ്റുകളെ കുറിച്ച് തിരിച്ചറിയുന്നതിൽ കൂടിയാണ് ദാവീദ് പറയാതെ പറഞ്ഞുവെക്കുന്നു. അധികാരിക്ക് അനുതാപം ഒരു ഭ്രാന്താണ്, ആ ഭ്രാന്തിൽ നിന്ന് ദാവീദ് തന്റെ ജീവിതത്തിന്റെ അർത്ഥം ദൈവത്തോട് കൂട്ടിത്തുന്നു.

തോട്ടിപ്പണിക്കു പോകുന്ന അച്ഛനെ ഇഷ്ടപ്പെടാത്ത മകൻ അച്ഛന്റെ മരണത്തിനുശേഷം തോട്ടിപ്പണിയിലേക്ക് പോകുന്ന കഥയാണ് പുണ്യ സി. ആർ. ന്റെ 'വാടാ' എന്ന കഥ. തോട്ടിപ്പണിക്കാരെ ഭൂമിയിൽ സ്നേഹിക്കുവാൻ ആരുമില്ല എന്ന് തോന്നുമ്പോഴും അവന്റെ ജോലിയെ പ്രണയിച്ചുകൊണ്ട് അവനിലേക്ക് അടുത്തുവരുന്ന ഒരു പെൺകുട്ടിയുണ്ട് (രുക്കു). അവൾ അവനോട് പറയുന്ന വാക്കുകൾ അവനിലൂടെ അവന്റെ ജോലിയെ പോലും പ്രണയിക്കുന്ന അവളുടെ വാക്കുകളാണ്.

"ഈ നാട് മുഴോൻ തൂത്തുതുടച്ച് അഴുക്ക് കളയാൻപോണ നിങ്ങളെന്നാ തല കുനിക്കണേ... റെയിൽവേപ്പാളത്തിന്മേലും നടുറോഡിലും നടവഴീലും തൂറി വക്കണോര് തല താഴ്ത്തട്ടേ..."

മാൻഹോളില് അരയോളം പൂഴ്ന്നുപോകുമ്പോഴും രുക്കുവിന്റെ ഒച്ച കുഴിക്കുള്ളിൽ പ്രതിധ്വനിക്കും: 'നിങ്ങളൊക്കെ ഇറങ്ങാണ്ടായാ തീട്ടക്കുഴി നെറയും. നാടുനീളെ വാട പരക്കും. മഴ പെയ്താൽ തീട്ടമൊലിക്കും... ദണ്ണം പിടിച്ച് മനുഷ്യര് ചാകും. ഇപ്പം നിങ്ങളെ നോക്കി കാർക്കിച്ച് തുപ്പണോരെല്ലാം തീട്ടം ചവിട്ടിയും തീട്ടം കലർന്ന വെള്ളം കുടിച്ചും ചത്തുവീഴും. നിങ്ങള് കാരണാ എല്ലാറ്റങ്ങളും തിന്ന് തൂറി ജീവിക്കണേ..." സ്വപ്നങ്ങളില്ലാത്ത അയാളെക്കുറിച്ച് അവൾ കാണുന്ന സ്വപ്നമാണ് ആ വാക്കുകളിൽ മുഴുവനും.

സ്വയം സ്വപ്നങ്ങളെ നഷ്ടപ്പെടുത്തി ദാവീദ് ഭ്രാന്തനായി മാറുന്നു. സ്വയം ഭ്രാന്തൻ ആവുക അത് പൊതുസമൂഹത്തിൽ നിന്ന് സ്വയം അപരവൽക്കരിക്കപ്പെടുകയാണ്. അംഗീകാരത്തിന്റെ ലോകത്തും താൻ ചെയ്തു പോയതിനെ ഓർത്ത് ദുഃഖവും ഉള്ളിൽ നീറ്റലും ഉള്ളവൻ ഭ്രാന്തനായി, സ്വപ്നങ്ങളില്ലാത്തവനായി മാറും. ❑



ഫാ. ഡോ. പി. സി. ചെറിയാൻ: വിദ്യാർത്ഥികളുടെ സുഹൃത്തും വഴികാട്ടിയും

ഫാ. ഡോ. എം. ഒ. ജോൺ

1970-കളിൽ മലങ്കര സഭയിലെ അനേക കോളജ് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പ്രിയങ്കരനായിരുന്നു അന്നത്തെ എം.ജി.ഒ.സി.എസ്.എം. ജനറൽ സെക്രട്ടറി പി. സി. ചെറിയാൻ അച്ചൻ. നിരണം ഭദ്രാസനത്തിൽ ചെങ്ങരൂർ സെന്റ് ജോർജ് പള്ളി ഇടവകാംഗമായിരുന്ന അദ്ദേഹം. കഴിഞ്ഞ ദിവസം അമേരിക്കയിലെ മിനിസോട്ടയിൽ വച്ച് ദിവംഗതനായി. അദ്ദേഹത്തെക്കുറിച്ചുള്ള ഗൃഹാതുരത്വം ഉണർത്തുന്ന ഒട്ടധികം ഓർമ്മകൾ അക്കാലത്തെ വിദ്യാർത്ഥികൾക്കും വിദ്യാർത്ഥി പ്രസ്ഥാന പ്രവർത്തകർക്കും ഉണ്ടെന്നുള്ളതിന് സംശയമില്ല. അസൂയാവഹമായ നേതൃപാടവവും സംഘടനാശേഷിയും ഉണ്ടായിരുന്ന അദ്ദേഹം അനേക വിദ്യാർത്ഥികളുടെ ആരാധനാപാത്രം ആയിരുന്നു. അനേക വിദ്യാർത്ഥികൾക്ക് അദ്ദേഹം പിതാവും സഹോദരനും ഗുരുവും സുഹൃത്തുമായിരുന്നു. എം.ജി.ഒ.സി.എസ്.എം. എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തെ അടുക്കും ചിട്ടയോടും കൂടി വളർത്തിയെടുക്കുന്നതിൽ ചെറിയാൻ അച്ചൻ വഹിച്ച പങ്ക് ഒരിക്കലും വിസ്മരിക്കുവാൻ സാധിക്കുകയില്ല.

കാലം ചെയ്ത ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി വിദ്യാർത്ഥി പ്രസ്ഥാനം അധ്യക്ഷനായും അദ്ദേഹത്തോടൊപ്പം ജനറൽ സെക്രട്ടറിയായി ചെറിയാൻ അച്ചനും പ്രവർത്തിച്ച കാലം എം.ജി.ഒ.സി.എസ്.എം. ന്റെ സുവർണ്ണകാലമായി കണക്കാക്കുവാൻ കഴിയും. കോളജുകളിലും ഹോസ്റ്റലുകളിലും വളരെ സജീവമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനം യൂണിറ്റുകൾ സഭാംഗങ്ങളായ വിദ്യാർഥികൾക്ക് ആവേശമായിരുന്നു. ചെറിയാൻ അച്ചനോടൊപ്പം അദ്ദേഹത്തിന്റെ സഹായിയായി പ്രസ്ഥാനത്തിൽ പ്രവർത്തിച്ചവരായിരുന്നു കെ. ഐ. പോളച്ചനും (കാലം ചെയ്ത പൗലോസ് ദ്വിതീയൻ ബാവ) ജോർജ് കുര്യൻ ശെമ്മാശനും (ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി) എ സി ചെറിയാൻ ശെമ്മാശനും (കാലം ചെയ്ത സഖറിയാസ് മാർ തെയോഫിലോസ് തിരുമേനി) ഡോ. ഒ. തോമസ് അച്ചനും മരോട്ടിപ്പുഴ തോമസ് കുര്യൻ അച്ചനും ഞാനും അദ്ദേഹത്തോടൊപ്പം വിവിധ സമയങ്ങളിൽ വിവിധ ചുമതലകൾ വഹിച്ച് വിദ്യാർത്ഥി പ്രസ്ഥാനത്തിൽ പ്രവർത്തിച്ചവരാണ്.

ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയും ചെറിയാൻ അച്ചനും തമ്മിൽ അഗാധമായ ഹൃദയബന്ധവും അടുപ്പവും ഉണ്ടായിരുന്നു. അത് സഭയ്ക്കും പ്രസ്ഥാനത്തിനും ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ സാധ്യമായി. കോട്ടയത്തെ സ്റ്റുഡൻസ് സെന്ററിന്റെ പുനരുദ്ധാരണം, തിരുവനന്തപുരത്തും ആലുവായിലും സ്റ്റുഡൻസ് സെന്ററുകൾ തുടങ്ങിയവ അക്കാലത്തെ നേട്ടങ്ങളാണ്. മലങ്കര സഭയ്ക്ക് വളരെ കാര്യക്ഷമമായ ഒരു പ്രസിദ്ധീകരണ വിഭാഗം ഉണ്ടാക്കുവാനും അതുവഴി കുറെയധികം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനും അദ്ദേഹം നേതൃത്വം നൽകി. തെയോഫിലോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം എം.ജി.ഒ.സി.എസ്.എം. ന്റെ ആഭിമുഖ്യത്തിൽ ചെറിയാൻ അച്ചൻ നേതൃത്വം നൽകിയാണ് ഇപ്പോൾ നമ്മൾ ഉപയോഗിക്കുന്ന ഗീതങ്ങളായുള്ള കഷ്ടാനുഭവാഴ്ച നമസ്കാരം ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. സഭാ കവി സി. പി. ചാണ്ടി സാറിന്റെ മനോഹരമായ രചനകളിൽ ഒന്നാണത് എന്നതിന് സംശയമില്ല. മുമ്പ് ഉപയോഗിച്ചിരുന്ന വായനപ്പടി ഏവൻഗേലിയോന്റെ ഒരു പരിഷ്കരിച്ച കോപ്പിയും അക്കാലത്ത് പ്രസിദ്ധീകരിച്ചു.

എം.ജി.ഒ.സി.എസ്.എം. ന്റെ ലിറ്ററി ഫോറവും മിഷനറി ഫോറവും ഒക്കെ വളരെ ഭംഗിയായി അക്കാലത്ത് പ്രവർത്തിച്ചിരുന്നു. കോട്ടയം മെഡിക്കൽ കോളജിന്റെ സമീപത്തുള്ള ചാപ്പലിന്റെ പ്രാരംഭ കാലത്ത് അദ്ദേഹം അവിടെ വികാരിയായി സേവനമനുഷ്ഠിച്ചു. രോഗികൾക്ക് കുർബ്ബാന കൊണ്ടുപോയി കൊടുക്കാനുള്ള ഒരു കുർബ്ബാനച്ചെപ്പ് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനി പാമ്പാടി ദയറായിലേക്ക് അച്ചനെ നേരിട്ട് വിളിച്ചു നൽകിയത് ഞാൻ ഇപ്പോഴും ഓർക്കുന്നു. ഇസ്സഡ്. എം. പാറേട്ട് എഴുതിക്കൊണ്ടിരുന്ന മലങ്കര നസ്രാണികൾ ഏറ്റെടുത്തു പ്രസിദ്ധീകരിക്കാനുള്ള ആലോചനകളും അച്ചൻ നടത്തി. ഒരു കാലഘട്ടത്തിൽ ഓർത്തഡോക്സ് യൂത്ത് മാസികയുടെ പ്രസിദ്ധീകരണവും അച്ചൻ നടത്തി. വെല്ലൂർ മെഡിക്കൽ കോളജിലേക്ക് മലങ്കര സഭാംഗങ്ങളായ വിദ്യാർത്ഥികളെ ടെസ്റ്റും ഇന്റർവ്യൂവും ഒക്കെ നടത്തി സ്പോൺസർ ചെയ്യാനുള്ള പരിപാടിയും തിരുമേനിയും അച്ചനും ഡോ. കെ. സി. മാമ്മനും ചേർന്ന് തയ്യാറാക്കിയതാണ്.

ചെറിയാൻ അച്ചന്റെ ഗുരുവും പിതാവും ആയിരുന്ന ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി കാലം ചെയ്ത ദിവസം തന്നെ അദ്ദേഹവും കാലം ചെയ്തു എന്നത് ദൈവനിയോഗം ആയിരുന്നിരിക്കാം. കാരണം അത്ര വലിയ ആത്മബന്ധം അവർ തമ്മിൽ ഉണ്ടായിരുന്നു. അച്ചന്റെ ആത്മാവിന് നിത്യ ശാന്തി നേർന്നു പ്രാർത്ഥിക്കുന്നു.



യൽദോ മാർ ബസേലിയോസിന്റെ ഓർമ്മപെരുന്നാൾ പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രലിൽ ആഘോഷിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ മുഖ്യ കാർമ്മികത്വം വഹിച്ചു. യൂഹാനോൻ മാർ പോളിക്കർപ്പോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഗീവർഗീസ് മാർ പക്കോമിയോസ് എന്നിവർ സഹകാർമ്മികരായിരുന്നു.



എംജി സർവകലാശാലയിലെ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് ചെയർ 'സുസ്ഥിര ഭാവി' എന്ന വിഷയത്തിൽ നടത്തുന്ന രാജ്യാന്തര കോൺഫറൻസ് വൈസ് ചാൻസിലർ ഡോ. സി. ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ചെറിയാൻ ഈപ്പൻ, പ്രഫ. ബിസ്മി ഗോപാലകൃഷ്ണൻ, അഡ്വ. റെജി സഖറിയ, ഡോ. സതീഷ് കുമാർ, പ്രഫ. പി. പി. നൗഷാദ്, ഫാ. ഡോ. കെ. എം. ജോർജ് എന്നിവർ സമീപം.



അന്തർ സെമിനാരി എക്യുമെനിക്കൽ വേദശാസ്ത അദ്ധ്യാപക സെമിനാർ

കോട്ടയം: വർദ്ധിച്ചു വരുന്ന കുടിയേറ്റത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ദൈവശാസ്ത്ര തലങ്ങൾ വിശകലനം ചെയ്ത് ഇടയ പരിപാലനത്തിന്റെ പുതിയ കാഴ്ചപ്പാടുകൾ സ്വീകരിക്കണമെന്ന് ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത പറഞ്ഞു.

'ദേശാന്തര വേദശാസ്തം' എന്ന വിഷയത്തിൽ ഓർത്തഡോക്സ് സെമിനാരിയിൽ നടന്ന അന്തർ സെമിനാരി എക്യുമെനിക്കൽ വേദശാസ്ത അദ്ധ്യാപക സെമിനാർ ഉദ്ഘാടനം ചെയ്യുകയായിന്നു അദ്ദേഹം.

വടവാതൂർ സെന്റ് തോമസ് സെമിനാരി റെക്ടർ ഫാ. ഡോ. ഡോമിനിക്ക് വെച്ചൂർ മോഡറേറ്ററായിരുന്നു. ഓർത്തഡോക്സ് സെമിനാരി ബർസാർ ഫാ. ഡോ. നൈനാൻ കെ ജോർജ് 'ദേശാന്തര വേദശാസ്ത്രവും ഇടയ പരിപാലന ദർശനങ്ങളും' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു..

മാർത്തോമ്മാ സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. എം.സി തോമസ്, ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, എഎഞ്ഞഇ രജിസ്ട്രാർ ഫാ. ഡോ. ജേക്കബ് മാത്യു, റവ.ഡോ. പി. ജോൺ ഫിലിപ്പ്, ഫാ.ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ എന്നിവർ പ്രസംഗിച്ചു.



Ecumenical Vespers and Get-together at Dublin St Thomas Indian Orthodox Church, Ireland as the part of Consecration Ceremony of the New Church.



സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കണ്ടനാട് വെസ്റ്റ് ഭദ്രാസന പ്രവർത്തനോദ്ഘാടനം സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.





നാടകോത്സവം

ദുബായ്: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യുഎഇ മേഖലയുടെ നാടകോത്സവം-2025 ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് നടത്തപ്പെട്ടു.

അബുദാബി സെന്റ് ജോർജ് യുവജനപ്രസ്ഥാനം ഒന്നാം സ്ഥാനവും, ഷാർജ സെന്റ് ഗ്രിഗോറിയോസ് യുവജനപ്രസ്ഥാനം രണ്ടാം സ്ഥാനവും, ദുബായ് സെന്റ് തോമസ് കത്തീഡ്രൽ യുവജനപ്രസ്ഥാനം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ബെസ്റ്റ് ആക്ടർ അവാർഡ് അബുദാബി സെന്റ് ജോർജ് യൂണിറ്റിലെ ഷിബു കെ. അച്ചൻകുഞ്ഞും ബെസ്റ്റ് ആക്ടർസ്സ് അവാർഡ് ഷാർജ സെന്റ് ഗ്രിഗോറിയോസ് യൂണിറ്റിലെ സോമി കരണയിലും ബെസ്റ്റ് ഡയറക്ടർ അവാർഡ് അബുദാബി സെന്റ് ജോർജ് യൂണിറ്റിനും സ്പെഷ്യൽ ജൂറി അവാർഡ് ഷാർജ സെന്റ് ഗ്രിഗോറിയോസ് യൂണിറ്റിലെ മർക്കോസ് കുര്യനും ലഭിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആദിച്ചനെല്ലൂർ പള്ളിയിൽ വിഘടിത വിഭാഗം നടത്തിയത് നിയമലംഘനം: ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

തിരുവനന്തപുരം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആദിച്ചനെല്ലൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഇരുട്ടിന്റെ മറവിൽ വിഘടിത വിഭാഗം നടത്തിയ അതിക്രമം നിയമവാഴ്ച്ചയെ വെല്ലുവിളിക്കാനുള്ള ആസൂത്രിത നീക്കമെന്ന് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ. സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം ജസ്റ്റീസ് മളീമഠ് വിളിച്ചു കൂട്ടിയ മലങ്കര അസോസിയേഷൻ പട്ടികയിൽ ഉൾപ്പെട്ട ഇടവകയാണ് ആദിച്ചനെല്ലൂർ സെന്റ് ജോർജ് പള്ളി. വിഘടിത വിഭാഗം ഈ പള്ളിയിൽ നിന്ന് പിരിഞ്ഞ് പുതിയ ആരാധനാലയം സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ മലങ്കരസഭാ ഭരണ ഘടന അംഗീകരിക്കുന്ന സഭാംഗങ്ങൾ ഇപ്പോഴും ആദിച്ചനെല്ലൂർ പള്ളിയിൽ അംഗങ്ങളായി നിലനിൽക്കുന്നു. വസ്തുത ഇതായിരിക്കെ മലങ്കര സഭാ ഭരണ ഘടനയെയും സുപ്രീം കോടതി വിധിയെയും കയ്യൂക്ക് കൊണ്ട് അട്ടിമറിക്കാനുള്ള ശ്രമം എന്തു വിലകൊടുത്തും നേരിടും. ആദിച്ചനെല്ലൂർ പള്ളി മലങ്കര സഭയുടെ അവിഭാജ്യ ഘടകമായി നിലനിൽക്കുവാൻ ഏതറ്റം വരെയും പോകുമെന്നും മെത്രാപ്പോലീത്താ വ്യക്തമാക്കി. വിഘടിത വിഭാഗം അന്യായമായി കൈവശം വെച്ചിരിക്കുന്ന മലങ്കര സഭയുടെ തിരുവനന്തപുരം ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും സുപ്രീം കോടതി വിധി നടപ്പാക്കുവാൻ പ്രതിജ്ഞാബദ്ധമാണെന്നും ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അറിയിച്ചു.



ലോക തപാൽ ദിനത്തിൽ (ഒക്ടോബർ 9) ഒരു കത്ത് എഴുതിയാലോ?

സഭയുടെ ഔദ്യോഗിക മീഡിയ ആയ Catholicate Online Media യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കത്ത് എഴുത്ത് മത്സരത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അംഗങ്ങളായ ഏവർക്കും പങ്കെടുക്കാം.

'പരിശുദ്ധ സഭയെപ്പറ്റിയുള്ള എന്റെ സ്വപ്നങ്ങൾ' എന്ന ശീർഷകത്തിൽ സഭയെപ്പറ്റിയുള്ള നിങ്ങളുടെ സ്വപ്നങ്ങളും, നിർദേശങ്ങളും, വീക്ഷണങ്ങളും വിവരിച്ചുകൊണ്ട്, രണ്ടു പേജിൽ കവിയാത്ത കത്തുകളാണ് ക്ഷണിക്കുന്നത്. കത്തുകൾ പൂർണ്ണമായും കൈയെഴുത്ത് രൂപത്തിത്തിലും, വായനാക്ഷമത ഉള്ളതുമായിരിക്കണം. കത്തുകൾ മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാവുന്നതാണ്.

കത്തുകൾ അയക്കുമ്പോൾ നിങ്ങളുടെ വിലാസവും ഫോൺ നമ്പറും നിർബന്ധമായും ഉൾപ്പെടുത്തുക. **കത്തുകൾ അയക്കേണ്ട അവസാന തീയതി: 17-10-2025.**

ഏറ്റവും മികച്ച ആശയങ്ങൾ ഉൾക്കൊള്ളുന്ന മൂന്ന് കത്തുകൾക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

നിങ്ങളുടെ കത്തുകൾ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ഞങ്ങൾക്ക് പോസ്റ്റൽ മുഖേന അയച്ചു തരിക.

To,
The Manager, Catholicate Online Media, Catholicate Aramana, Devalokam P.O, Muttambalam, Kottayam, Kerala. PIN 686004

കൂടുതൽ വിവരങ്ങൾക്ക്, WhatsApp: +91 9188 952 752.



എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തിഡ്രലിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് വർണശബളമായ തുടക്കം. കൊച്ചി ഭദ്രാസന മെത്രാപ്പോലിത്താ ഡോ. യാക്കൂബ് മാർ ഐറേനിയോസിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സംസ്ഥാന വ്യവസായ മന്ത്രി പി. രാജീവ് ഒരു വർഷം നീളുന്ന ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു.



കോതമംഗലം സാന്ത്വനം സ്പെഷ്യൽ സ്കൂളിൽ പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന Vocation Training Centre ന്റെയും, വിവിധങ്ങളായ തെറാപ്പി സെന്ററുകളുടെയും കെട്ടിടത്തിന്റെ ശിലാസ്ഥാപനം യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായുടെ പ്രധാനകാർമികത്വത്തിൽ, മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പായുടെയും, ഫാ. എൽദോ ഏലിയാസിന്റെയും സാന്നിധ്യത്തിൽ നടന്നു.



അയർലണ്ട് മണ്ണിൽ മലങ്കര സഭ പണികഴിപ്പിച്ച ആദ്യ ദേവാലയമായ ഡബ്ലിൻ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ഒക്ടോബർ 4, 5 തീയതികളിൽ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്തായും ചേർന്നു നിർവഹിച്ചു.



വർഗീസ് കിഴക്കേമുറി അന്തരിച്ചു

മീനടം, പൊത്തൻപുറം കിഴക്കേമുറിയിൽ കെ. കെ. വർഗ്ഗീസ് (91, വർഗീസ് കിഴക്കേമുറി) നിര്യാതനായി. സംസ്‌കാരം നോർത്ത് മീനടം സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിയിൽ ഡോ. യൂഹാനോൻ മാർ ദിയസ്‌ക്കോറോസിന്റെ കാർമ്മികത്വത്തിൽ നടന്നു. ദീർഘകാലം മാങ്ങാനം ക്രൈസ്തവ ആശ്രമം, കങ്ങഴ എം.ജി.ഡി.എം ഹോസ്പിറ്റലിൽ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കവിയും സാഹിത്യകാരനമായിരുന്ന പരേതൻ നിരവധി പുസ്തക രചനകൾ നടത്തിയിട്ടുണ്ട്.

ഭാര്യ: പരേതയായ സാറാമ്മ (റിട്ടയേർഡ് ഹെഡ് നേഴ്‌സ് എം.ജി.ഡി.എം. ഹോസ്പിറ്റൽ) പുതുപ്പള്ളി മൂലക്കോണത്ത് കുടുംബാംഗമാണ്.

മക്കൾ: പ്രകാശ് കെ വർഗീസ് (ICICI Prudential Pune), പ്രഭാ ചാക്കോ (Rashid Hospital, Dubai). മരുമക്കൾ: സൂസൻ ബേബി (റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസ്, കോട്ടയം). ജയൻ (ദുബായ്). കൊച്ചുമക്കൾ – അഡ്വ. പ്രസിൻ ജോർജ് (കോട്ടയം), പ്രിൻസ്, ജനിറ്റ, ജനീലിയ.

‘കൊച്ചേട്ടൻ’

‘കൊച്ചേട്ടൻ’ എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന വർഗീസ് ബാലസാഹിത്യ രംഗത്ത് 20-ൽ അധികം കഥ, കവിതാ സമാഹാരങ്ങൾ രചിച്ചു. 70 വർഷത്തിലധികം സൺഡേസ്‌കൂൾ അധ്യാപകനായി സേവനമനുഷ്ഠിച്ചു. മീനടം സെന്റ് ജോർജ് സൺഡേ സ്‌കൂളിൽ ആദ്യകാല പ്രവർത്തകരിലൊരാളായ അദ്ദേഹം, മാങ്ങാനം ആശ്രമത്തിലും പ്രവർത്തിച്ചിരുന്നു. വിവാഹ ശേഷം തെക്കൻ കേരളത്തിലെ അന്നത്തെ പ്രമുഖ ആശുപത്രിയായിരുന്ന കങ്ങഴ എം.ജി.ഡി.എം ഹോസ്പിറ്റലിലേക്ക് തന്റെ പ്രവർത്തനമേഖല മാറ്റുകയും, അവിടെ ആശുപത്രി ക്വാർട്ടേഴ്‌സിൽ താമസിച്ച് 1995 വരെ സേവനം അനുഷ്ഠിക്കുകയും ചെയ്തു. അന്നത്തെ ആശുപത്രിയുടെ പ്രധാന ചുമതലക്കാരനായിരുന്ന പി. ഗീവർഗീസ് (മനോഹര വർഗീസ്) സിനൊപ്പം ചേർന്ന് ആശുപത്രിയുടെ പ്രവർത്തനങ്ങളിലെ നിശബ്ദ സേവകനായി. ഈ കാലഘട്ടത്തിൽ, ചികിത്സയ്ക്കായി എത്തിയിരുന്ന സഭാപിതാക്കന്മാർക്കും വൈദികർക്കും മറ്റും ആവശ്യമായ എല്ലാ ക്രമീകരണങ്ങളും അദ്ദേഹം ചെയ്തുകൊടുത്തിരുന്നു. കാലം ചെയ്ത ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ് തുടങ്ങി നിരവധി പിതാക്കന്മാരുമായി തന്റെ ആശുപത്രി ജീവിതകാലത്തിൽ അടുത്തിടപഴകുവാൻ അദ്ദേഹത്തിന് സാധിച്ചു.

സൺഡേ സ്‌കൂൾ പ്രവർത്തകൻ

കങ്ങഴ ദേവഗിരി ചാപ്പലിലെ സൺഡേ സ്‌കൂൾ പ്രവർത്തനങ്ങളിൽ മുൻനിരയിൽ ഉണ്ടായിരുന്നു. കങ്ങഴ ഐക്യ ക്രിസ്ത്യൻ കൺവെൻഷൻ, ബാലജനസഖ്യം കങ്ങഴ യൂണിയന്റെ രക്ഷാധികാരിയായും ചുമതല വഹിച്ചിരുന്നു. 1995-ൽ തിരികെ പൊത്തൻപുറത്തെ വീട്ടിലെത്തിയ ശേഷം, മീനടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ സൺഡേസ്‌കൂൾ, വി.ബി.എസ്., പ്രാർത്ഥനായോഗം തുടങ്ങിയ ആത്മീയ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി. ചെറുപ്പകാലത്ത് യൂത്ത് ലീഗിന്റെ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായിരുന്നു. 2023-ൽ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ യുഹാനോൻ മാർ ദിയസ്‌കോറോസ് തിരുമേനി സൺഡേ സ്‌കൂൾ പ്രവർത്തനത്തെ മുൻനിർത്തി OSSAE യുടെ നേതൃത്വത്തിൽ അദ്ദേഹത്തെ ആദരിച്ചിരുന്നു. ഒരു തികഞ്ഞ ഗാന്ധിയനായിരുന്ന അദ്ദേഹം പാമ്പാടിയിലെ പി. സി. യോഹന്നാൻ റമ്പാന്റെ ഒപ്പം മദ്യവിരുദ്ധ പ്രസ്ഥാനങ്ങളിലും സജീവമായി പ്രവർത്തിച്ചിരുന്നു.

പുസ്തക ജാലകം

മാർത്തോമ്മാ പൈതൃകത്തിന്റെ മഹാകാവ്യം: ‘മലങ്കരസഭ ചരിത്ര സ്പന്ദനങ്ങൾ’

(Revised Version 2025)



ഇന്ത്യൻ ക്രൈസ്തവതയുടെ ആത്മാവ് ഉടലെടുത്തത് വി. മാർത്തോമ്മാ ശ്ലീഹായിൽ നിന്നാണ്. ആ പവിത്രമായ പൈതൃകത്തിന്റെ ദീപ്തനാളം നെഞ്ചിലേറ്റുന്ന ആഗോള സഭയാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. ഈ മഹാസഭയുടെ 21 നൂറ്റാണ്ടുകളിലൂടെയുള്ള ആത്മീയ പ്രയാണമാണ്, പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ തിരുമേനിയുടെ തൂലികയിൽ ‘മലങ്കരസഭ: ചരിത്രസ്പന്ദനങ്ങൾ’ എന്ന മഹത്തായ ഗ്രന്ഥമായി പിറവിയെടുത്തത്.

ഇതൊരു കേവല ചരിത്രരേഖയല്ല; മറിച്ച് കാലത്തിന്റെ മണൽത്തരികളിൽ മായാതെ കിടക്കുന്ന മലങ്കര മാർത്തോമാ നസ്രാണി ചരിത്രത്തിന്റെ ഹൃദയമിടിപ്പുകളാണ് ഇതിലെ ഓരോ അധ്യായവും. തികഞ്ഞ ഗവേഷണത്തിന്റെയും ചരിത്ര വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ, മലങ്കരസഭയുടെ തീർത്ഥയാത്രയിലെ നിർണ്ണായക നിമിഷങ്ങൾ ഇതിൽ കാലാനുക്രമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മലങ്കര സഭയുടെ തനത് സ്വഭാവവും സംസ്‌കാരവും, പാരമ്പര്യവും ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്ന ഒരു ദീപസ്തംഭമാണ് ഈ കൃതി.? സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻ പ്രസിദ്ധീകരിക്കുന്ന ഈ മഹദ് ഗ്രന്ഥം ചരിത്രദാഹികളായ ഗവേഷകർക്കും, സഭാ പ്രഭാഷകർക്കും, വിദ്യാർത്ഥികൾക്കും കാലത്തിലൂടെയുള്ള ഈ തീർത്ഥയാത്രയിൽ മാർഗ്ഗദർശനം നൽകുന്ന, ഒഴിച്ചുകൂടാനാവാത്ത ഒരു ഒന്നാണ്. മാർത്തോമ്മാ ശ്ലീഹായുടെ കൈവെപ്പ് തൊട്ട് ഇന്നോളമുള്ള സഭയുടെ ചരിത്രപരമായ തുടർച്ചയുടെ സംക്ഷിപ്തവും എന്നാൽ സമഗ്രവുമായ ഒരു ചിത്രം ഈ ഗ്രന്ഥം വരച്ചുകാട്ടുന്നു.

എം.ഒ.സി. യുടെ എല്ലാ ഔട്ട്‌ലെകളിലും പുസ്തകം ലഭ്യമാണ്.

വില: 450.00 രൂപ

– എബി മാത്യു, കൊഴുവല്ലൂർ



UCAM, University of Spain നിന്ന് അജീഷ് മായാലിൽ തോമസ് Doctorate in Management ബിരുദം കരസ്ഥമാക്കി. കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവക അംഗമാണ്. മാതൃ ഇടവക കൊച്ചി ഭദ്രാസനത്തിലെ, കരിപ്പക്കുന്നു മാർ ബസേലിയോസ് ഓർത്തഡോക്സ് ദേവാലയം. ഭാര്യ ജിൻഷി അജീഷ് (ഹെഡ്മിസ്ട്രസ് ഇന്ത്യൻ സ്‌കൂൾ കുവൈറ്റ്). മക്കൾ: ക്രിസ്റ്റഫർ അജീഷ്, ഏഡ്രിയെൽ അജീഷ്, ഈതൻ അജീഷ്.